കേരള സർക്കാർ

GOVERNMENT OF KERALA

DIRECTORATE OF GENERAL EDUCATION

# PROSPECTUS

# 2025-26

APPROVED VIDE GO(RT)No 3166/2025/G.EDN DTD THIRUVANANTHAPURAM 07/05/2025

## Single Window System

## For

## Admission to Plus One Courses

## (Higher Secondary)

DIRECTORATE OF GENERAL EDUCATION

HIGHER SECONDARY WING, ULLOR LANE, JAGATHI

THIRUVANANTHAPURAM-14

FOR ONLINE SUBMISSION OF APPLICATIONS

PLEASE VISIT

https://hscap.kerala.gov.in

# ഹയർ സെക്കണ്ടറി പ്രവേശനം 2025–26

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ്‌വൺ പ്രവേശനം ലളിതവും, സുതാര്യവും, സാമൂഹിക നീതി ഉറപ്പാക്കുന്നതിനുമായി 2008–09 അധ്യയന വർഷം മുതൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കി വരുന്ന ഏകജാലക പ്രവേശനമെന്ന കേന്ദ്രീകൃത അലോട്ട്മെൻറ് സംവിധാനം ഈ വർഷവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2025–26 അധ്യയന വർഷത്തിലേക്കുള്ള പ്ലസ്‌വൺ പ്രവേശനത്തിനായിട്ടുള്ള പ്രോസ്പെക്ടസ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

## 1. പ്രവേശന യോഗ്യത

എസ്.എസ്.എൽ.സി (കേരള സിലബസ്), സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, റ്റി.എച്ച്.എസ്.എൽ.സി ,തുടങ്ങിയ സ്കീമുകളിൽ ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ ( Formal system of education of 10 years with nearly 200 academic days for each class along with Continuous Evaluation and extra-curricular activities) പരീക്ഷ വിജയിച്ചവർക്കും, മറ്റു സംസ്ഥാനങ്ങളിൽ നിന്നും, രാജ്യങ്ങളിൽ നിന്നും എസ്.എസ്.എൽ.സി ക്ക് തുല്യമായ പരീക്ഷ ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ വിജയിച്ചിട്ടുള്ളവർക്കും അപേക്ഷിക്കാം. പൊതു പരീക്ഷയിലെ ഓരോ പേപ്പറിനും കുറഞ്ഞത് ഡി+ ഗ്രേഡോ തത്തുല്യമായ മാർക്കോ വാങ്ങി ഉന്നത പഠനത്തിന് യോഗ്യത നേടിയിരിക്കണം. ഗ്രേഡിങ് രീതിയിലുള്ള മൂല്യ നിർണയം നിലവിലില്ലാത്ത മറ്റു സ്കീമുകളിൽ പരീക്ഷ എഴുതിയവരുടേയും മാർക്കുകൾ ഗ്രേഡാക്കി മാറ്റിയ ശേഷമായിരിക്കും പ്രവേശനത്തിന് പരിഗണിക്കുന്നത്. മറ്റ് സ്കീമുകളിൽ പെട്ട അപേക്ഷകർ വിവിധ വിഷയങ്ങളുടെ ഓരോ പേപ്പറിനും അതാത് ബോർഡുകൾ നിശ്ചയിച്ചിട്ടുള്ള വിജയിക്കാനാവശ്യമായ മിനിമം മാർക്ക് നേടിയിരിക്കണം. മറ്റ് ബോർഡുകളിൽ നിന്നുള്ള അപേക്ഷകർ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷയൊടൊപ്പം അപ്‌ലോഡ് ചെയ്യുകയും പ്രവേശന സമയത്ത് ഹാജരാക്കുകയും വേണം. **10/01/2019 ലെ സർക്കുലർ നമ്പർ Acad 3/2019 മുഖേന സി.ബി.എസ്സ്.ഇ തന്നെ നിഷ്കർഷിച്ചിട്ടുള്ളത് കണക്കിലെടുത്ത് കേരള സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി കരിക്കുലം കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ Mathematics-Standard പാസ്സായിട്ടുള്ളവർക്ക് മാത്രമേ ഹയർസെക്കണ്ടറി തലത്തിൽ Mathematics ഉൾപ്പെട്ടിട്ടുള്ള സയൻസ് വിഷയകോമ്പിനേഷൻ ഓപ്ഷനായി തെരഞ്ഞെടുക്കാൻ സാധിക്കുകയുള്ളു.** സാക്ഷരതാ മിഷൻ ,നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിങ് മുതലായ അനൗപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ പത്താം തരം യോഗ്യത നേടുന്ന വിദ്യാർത്ഥികൾ ഹയർസെക്കണ്ടറി റെഗുലർ സ്ടീമിൽ തെറ്റായി അപേക്ഷ സമർപ്പിക്കുന്നത് ഒഴിവാക്കുന്നതിനായി സ്പഷ്ടീകരണം നൽകണമെന്ന് ജി,ഒ(ആർ.റ്റി) നം. 3977/2022/പൊ.വി.വ തീയതി തിരുവനന്തപുരം 07/07/2022 സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതിൽ പ്രകാരം ചുവടെ ചേർക്കുന്ന സ്പഷ്ടീകരണം നൽകുന്നു.(സർക്കാർ ഉത്തരവ് അനുബന്ധം 9 ആയി ഉള്ളടക്കം ചെയ്യുന്നു.). **സാക്ഷരതാ മിഷൻ ,നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിങ് , മറ്റ് ഓപ്പൺ സ്കൂൾ സംവിധാനം എന്നിവയിലൂടെ അനൗപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിൽ പത്താം തരം യോഗ്യത നേടുന്ന വിദ്യാർത്ഥികൾ ഹയർസെക്കണ്ടറി റെഗുലർ സ്ടീമിൽ അപേക്ഷ സമർപ്പിക്കുവാൻ അർഹരല്ല. ഇത്തരം സംവിധാനങ്ങളിലൂടെ പത്താം തരം യോഗ്യത നേടുകയും തുടർന്ന് കേരള സിലബസ് എസ്.എസ്.എൽ.സി യ്ക്ക് തുല്യമാണെന്ന് കേരള പരീക്ഷഭവൻ തുല്യതാ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവർക്ക് കേരള സംസ്ഥാന സംരംഭമായ സ്കോൾ–കേരള മുഖാന്തിരം മാനദണ്ഡങ്ങൾക്കനുസൃതമായി തുടർപഠനം സാധ്യമാകുന്നതാണ്.**

അപേക്ഷകർക്ക് 2025 ജൂൺ മാസം ഒന്നിന് പതിനഞ്ച് വയസ് പൂർത്തിയായിരിക്കണം. എന്നാൽ ഇരുപത് വയസ് കവിയാൻ പാടില്ല. കേരളത്തിലെ പൊതു പരീക്ഷാ ബോർഡിൽ നിന്ന് എസ്.എസ്.എൽ.സി പരീക്ഷ വിജയിക്കുന്ന അപേക്ഷകർക്ക് കുറഞ്ഞ പ്രായ പരിധിയില്ല. മറ്റ് ബോർഡുകളുടെ പരീക്ഷകൾ വിജയിച്ച അപേക്ഷകർക്ക് കുറഞ്ഞ പ്രായ പരിധിയിലും, ഉയർന്ന പ്രായപരിധിയിലും ആറ് മാസം വരെ ഇളവ് അനുവദിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അധികാരമുണ്ട്. കേരളത്തിലെ പൊതു പരീക്ഷാ ബോർഡിൽ നിന്ന് എസ്.എസ്.എൽ.സി വിജയിച്ച അപേക്ഷകർക്ക് ഉയർന്ന പ്രായപരിധിയിൽ ആറ് മാസം വരെ ഇളവ് അനുവദിക്കുവാൻ ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അധികാരമുണ്ട്. പട്ടിക ജാതി/പട്ടിക വർഗ വിഭാഗത്തിൽപെട്ട അപേക്ഷകർക്ക് ഉയർന്ന പ്രായ പരിധിയിൽ രണ്ട് വർഷം വരെ ഇളവ് അനുവദിക്കും. അന്ധരോ, ബധിരരോ, ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവരോ ആയവർക്ക് ഇരുപത്തിയഞ്ച് വയസ് വരെ അപേക്ഷിക്കാം.

## 2 അപേക്ഷ സമർപ്പിക്കേണ്ട വിധം

**അപേക്ഷകർക്ക് സ്വന്തമായോ ,അല്ലെങ്കിൽ പത്താം തരം പഠിച്ചിരുന്ന ഹൈസ്കൂളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യവും അദ്ധ്യാപകരുടെ സഹായവും അതുപോലെ തന്നെ ആ പ്രദേശത്തെ ഗവണ്മെൻറ്/എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യവും അദ്ധ്യാപകരുടെ സഹായവും പ്രയോജനപ്പെടുത്തി പ്ലസ്വൺ പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.**

പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാണ് പ്രവേശന നടപടികൾ. പൊതുവിദ്യാഭ്യാസ വകുപ്പിൻെറ ഹയർസെക്കണ്ടറി അഡ്മിഷൻ ഗേറ്റ്വേ ആയ https://hscap.kerala.gov.in/ - ലെ CREATE CANDIDATE LOGIN-SWS എന്ന ലിങ്കിലൂടെ ക്യാൻഡിഡേറ്റ് ലോഗിൻ സൃഷ്ടിക്കാവുന്നതാണ്. ഇത്തരത്തിൽ മൊബൈൽ ഒ.റ്റി.പി യിലൂടെ സുരക്ഷിത പാസ്വേർഡ് നൽകി സൃഷ്ടിക്കുന്ന ക്യാൻഡിഡേറ്റ് ലോഗിനിലൂടെ ആയിരിക്കും അപേക്ഷാസമർപ്പണവും തുടർന്നുള്ള പ്രവേശന പ്രവർത്തനങ്ങളും അപേക്ഷാർത്ഥികൾ നടത്തേണ്ടത്. അപേക്ഷാ സമർപ്പണം, അപേക്ഷാവിവരങ്ങൾ പരിശോധന,ട്രയൽ അലോട്ട്മെൻറ് പരിശോധന, ഓപ്ഷൻ പുന:ക്രമീകരണം, അലോട്ട്മെൻറുകളുടെ പരിശോധന, പ്രവേശനത്തിനു വേണ്ടിയുള്ള രേഖകൾ സമർപ്പിക്കൽ, ഫീസ് ഒടുക്കൽ തുടങ്ങിയ പ്രവേശനവുമായ ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും **ക്യാൻഡിഡേറ്റ് ലോഗിനിലൂടെയാണ്** അപേക്ഷകർ നിർവഹിക്കേണ്ടത്.

**ക്യാൻഡിഡേറ്റ് ലോഗിനിലെ** **APPLY ONLINE** എന്ന ലിങ്കിലൂടെ അപേക്ഷകർക്ക് സ്വന്തമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പത്താം തരം പഠന സ്കീം "others" ആയിട്ടുള്ളവർ മാർക്ക് ലിസ്റ്റ് /സർട്ടിഫിക്കറ്റ് , തുല്യതാ സർട്ടിഫിക്കറ്റ് , മൈഗ്രേഷൻ സർട്ടിഫിക്കറ്റ്എന്നിവയുടെ സ്കാൻ ചെയ്ത കോപ്പി ( File in pdf format and Size below 100 KB) അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം. വിഭിന്ന ശേഷി വിഭാഗത്തിൽ പ്രത്യേക പരിഗണനയ്ക്ക് അർഹരായവർ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിൻെറ സ്കാൻ ചെയ്ത വ്യക്തതയുള്ള കോപ്പി ( File in pdf format and Size below 100 KB) അപ്‌ലോഡ് ചെയ്യണം. മറ്റ്

അപേക്ഷകർ , അപേക്ഷയോടൊപ്പം യാതൊരുവിധ സർട്ടിഫിക്കറ്റുകളും അപ്‌ലോഡ് ചെയ്യേണ്ടതില്ല.അപേക്ഷകർ സമർപ്പിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും അപേക്ഷകൾ അലോട്ട്മെൻറിനായി പരിഗണിക്കുക. അക്കാരണത്താൽ തന്നെ അപേക്ഷയിൽ സമർപ്പിക്കുന്ന വിവരങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. **അപേക്ഷാർത്ഥി നൽകുന്ന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി ലഭിക്കുന്ന അലോട്ട്മെൻറിൽ പ്രവേശനം നേടുന്നതിനായി രേഖകൾ വെരിഫിക്കേഷനായി സമർപ്പിക്കുമ്പോൾ തെറ്റായി വിവരം നൽകി അലോട്ട്മെൻറിൽ ഇടം നേടിയതാണെന്നു കണ്ടെത്തുകയാണെങ്കിൽ അത്തരം അലോട്ട്മെൻറുകൾ റദ്ദാക്കി പ്രവേശനം നിരസിക്കുന്നതാണ്.**

യാതൊരു കാരണവശാലും ഒരു റവന്യൂ ജില്ലയിലേയ്ക്ക് ഒരു വിദ്യാർത്ഥി ഒന്നിൽ കൂടുതൽ അപേക്ഷകൾ മെരിറ്റ് സീറ്റിലേയ്ക്ക് സമർപ്പിക്കുവാൻ പാടില്ല. ഒന്നിലധികം റവന്യൂ ജില്ലകളിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രവേശനം തേടുന്നവർ ഓരോ ജില്ലയിലേയ്ക്കും പ്രത്യേകം പ്രത്യേകം അപേക്ഷ നൽകേണ്ടതാണ്. അപേക്ഷാ രജിസ്ട്രേഷൻ ഫീസ് (25/- രൂപ) പ്രവേശന സമയത്തെ ഫീസിനോടൊപ്പം നൽകിയാൽ മതിയാകുന്നതാണ്. അപേക്ഷയുടെ പ്രിൻറൗട്ട് വെരിഫിക്കേഷനായി സ്കൂളുകളിൽ നൽകേണ്ടതില്ല.

## 3. മാനേജ്മെൻറ് , കമ്മ്യൂണിറ്റി , അൺ-എയ്ഡഡ് ക്വാട്ട സീറ്റുകളിലെ പ്രവേശനം

### 3.1. എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ മാനേജ്മെൻറ് , കമ്മ്യൂണിറ്റി , അൺ-എയ്ഡഡ് ക്വാട്ട സീറ്റുകളിലെ പ്രവേശനം

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനത്തിന് നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യത നേടിയവരെ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളൂകളിലെ മാനേജ്മെൻറ് ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം നടത്തുന്നതിനുള്ള അധികാരം അതത് മാനേജ്മെൻറുകളിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തെ എല്ലാ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലേയും മാനേജ്മെൻറ് ക്വാട്ടാ സീറ്റുകൾ 20% മാത്രമാണ്. ഒന്നാം വർഷ പ്രവേശനത്തിന് മുൻപായി സ്കൂൾ പ്രിൻസിപ്പാൾ പരിശോധിച്ച് ഉറപ്പുവരുത്തിയ സീറ്റ്മെട്രിക്സ് പ്രകാരം തന്നെയാണ് വിവിധ ക്വാട്ടകളിലെ പ്രവേശനം എന്നത് അതത് സ്കൂൾ പ്രിൻസിപ്പൽമാർ ഉറപ്പാക്കേണ്ടതാണ്. മാനേജ്മെൻറ്, കമ്മ്യൂണിറ്റി , അൺ-എയ്ഡഡ് ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്നവർ അതത് സ്കൂളിൽ നിന്നും ഈ ആവശ്യത്തിനായി ലഭിക്കുന്ന പ്രത്യേക അപേക്ഷാ ഫാറം വാങ്ങി പുരിപ്പിച്ച് അതത് സ്കൂളിൽ തന്നെ നൽകേണ്ടതാണ്. ഏകജാലക പ്രവേശനത്തിൻെറ അപേക്ഷാ ഫാറം മാനേജ്മെൻറ്/കമ്മ്യൂണിറ്റി / അൺ-എയ്ഡഡ് ക്വാട്ട സീറ്റുകളിലേയ്ക്ക് ഉപയോഗിക്കുവാൻ പാടില്ല.

പിന്നോക്ക എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകൾ , ന്യൂനപക്ഷ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകൾ എന്നിവിടങ്ങളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിൽ അതത് സമുദായത്തിൽപെട്ട അപേക്ഷകരിൽ നിന്ന് മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തേണ്ടതാണ്. **സമുദായം തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലെ സമുദായ വിവരം മതിയാകുന്നതാണ്. എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ നിന്നും വിഭിന്നമായ സമുദായമാണ് അവകാശപ്പെടുന്നതെങ്കിൽ പ്രസ്തുത വിവരം തെളിയിക്കുന്നതിന് റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം. കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷനു വേണ്ടി അവശ്യം വേണ്ടുന്ന പബ്ലിസിറ്റി നൽകി അതത് സമുദായത്തിലുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുവാൻ**

**പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ടതാണ്. കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് "കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് ജനറേറ്റർ സോഫ്റ്റ് വെയർ" ലഭ്യമാക്കുന്നതാണ്.** കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് / സെലക്ട് ലിസ്റ്റുകൾ നിർദ്ദിഷ്ഠ ഷെഡ്യൂൾ അനുസരിച്ചുമാത്രമേ പ്രസിദ്ധീകരിക്കുവാനും അഡ്മിഷൻ പ്രക്രിയ ആരംഭിക്കുവാനും പാടുള്ളു. **കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേയ്ക്ക് അതത് സമുദായങ്ങളിൽ നിന്ന് മതിയായ അപേക്ഷകരില്ലെങ്കിൽ അങ്ങനെ ഒഴിവ് വരുന്ന സീറ്റുകൾ നിർദ്ദിഷ്ഠ തീയതിയ്ക്ക് ശേഷം പൊതു മെരിറ്റ് സീറ്റായി പരിഗണിച്ച് അലോട്ട്മെൻറ് നടത്തുന്നതിനായി പരിവർത്തനം ചെയ്യുന്നതാണ്. ഇതിന് വിരുദ്ധമായി നടത്തുന്ന പ്രവേശനങ്ങൾ പുന:പരിശോധിക്കുവാനും ആവശ്യമെങ്കിൽ റദ്ദ് ചെയ്യുവാനുമുള്ള അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്.**

അൺ-എയ്ഡഡ് ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം നടത്തുന്നത് സ്കൂൾ തലത്തിലാണ്.. പ്രസ്തുത ക്വാട്ടയിലെ സീറ്റുകളിൽ 40% മെരിറ്റ് , 12% പട്ടികജാതി സംവരണം, 8% പട്ടികവർഗ സംവരണം ,40% മാനേജ്മെൻറ് ക്വാട്ട എന്ന പ്രകാരത്തിലാണ് പ്രവേശനം നടത്തേണ്ടത്.

സ്കൂൾ തലത്തിൽ പ്രവേശനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് നിർദ്ദിഷ്ഠ ഷെഡ്യൂൾ അനുസരിച്ചുമാത്രമേ പ്രസിദ്ധീകരിക്കുവാനും അഡ്മിഷൻ പ്രക്രിയ ആരംഭിക്കുവാനും പാടുള്ളു. ഇപ്രകാരമുള്ള പ്രവേശനങ്ങളുടെ ഗ്രേഡ് പോയിൻറ് അടക്കമുള്ള വിശദാംശങ്ങൾ സ്കൂൾ നോട്ടിസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. (റാങ്ക് ലിസ്റ്റിൽ എസ്.എസ്.എൽ. സി. രജിസ്റ്റർ നമ്പർ,വിദ്യാർത്ഥിയുടെ പേര്, ജെൻഡർ ,ജനനതീയതി, കാറ്റഗറി, WGPA , റാങ്ക് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കണം.)

3.2 <u>അൺ-എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രവേശനം</u>

കേരള സംസ്ഥാന ഹയർസെക്കണ്ടറി ബോർഡ് സിലബസ് പ്രകാരം പ്ലസ് ടു കോഴ്സിന് സംസ്ഥാനത്തെ അംഗീകൃത അൺ-എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്ലസ്‌വൺ പ്രവേശനം നേടുന്നതിന് സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനത്തിന് നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യത ആവശ്യമാണ്. ഒന്നാം വർഷ പ്രവേശനത്തിന് മുൻപായി സ്കൂൾ പ്രിൻസിപ്പാൾ പരിശോധിച്ച് ഉറപ്പുവരുത്തിയ സീറ്റ്മെട്രിക്സ് പ്രകാരം തന്നെയാണ് വിവിധ കോഴ്സുകളിലെ പ്രവേശനം എന്നത് അതത് സ്കൂൾ പ്രിൻസിപ്പൽമാർ ഉറപ്പാക്കേണ്ടതാണ്. **അൺ-എയ്ഡഡ് സ്കൂളുകളിലെ ഓരോ കോഴ്സിലേയും ഒരോ ബാച്ചിലേയും ആകെ സീറ്റുകളിൽ 40 % സീറ്റുകൾ മെറിറ്റ് അടിസ്ഥാനത്തിലും 12 % സീറ്റുകൾ പട്ടിക ജാതി വിഭാഗത്തിന് മെരിറ്റടിസ്ഥാനത്തിലും 8 % സീറ്റുകൾ പട്ടികവർഗ്ഗ വിഭാഗത്തിന് മെരിറ്റടിസ്ഥാനത്തിലും. പ്രവേശനം ഉറപ്പാക്കേണ്ടതാണ്. 60 % സീറ്റുകളിൽ മെറിറ്റ് ,സംവരണ തത്വം എന്നിവ പാലിച്ച് പ്രവേശനം ഉറപ്പാക്കേണ്ടത് സ്കൂൾ അധികൃതരുടെ ഉത്തരവാദിത്തമാണ്.** ബാക്കിയുള്ള 40 % സീറ്റുകൾ മാനേജ്മെൻറ് ക്വാട്ട സീറ്റുകൾ ആണ്. മാനേജ്മെൻറ് ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം നടത്തുന്നതിനുള്ള അധികാരം അതത് മാനേജ്മെൻറുകളിൽ നിക്ഷിപ്തമാണ്. പട്ടിക ജാതി/പട്ടിക വർഗ്ഗ അപേക്ഷകർ ആവശ്യത്തിന് ഇല്ലാത്തപക്ഷം ഒഴിവുള്ള സീറ്റുകൾ മെറിറ്റ് അടിസ്ഥാനത്തിൽ നികത്താവുന്നതാണ്. സ്കൂൾ തലത്തിൽ പ്രവേശനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് നിർദ്ദിഷ്ഠ ഷെഡ്യൂൾ അനുസരിച്ചുമാത്രമേ പ്രസിദ്ധീകരിക്കുവാനും അഡ്മിഷൻ പ്രക്രിയ ആരംഭിക്കുവാനും പാടുള്ളു. ഇപ്രകാരമുള്ള പ്രവേശനങ്ങളുടെ ഗ്രേഡ് പോയിൻറ് അടക്കമുള്ള വിശദാംശങ്ങൾ സ്കൂൾ നോട്ടിസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. (റാങ്ക് ലിസ്റ്റിൽ എസ്.എസ്.എൽ. സി. രജിസ്റ്റർ നമ്പർ,വിദ്യാർത്ഥിയുടെ പേര്, ജെൻഡർ ,ജനനതീയതി, കാറ്റഗറി,

WGPA , റാങ്ക് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കണം.)**ഇതിന് വിരുദ്ധമായി നടത്തുന്ന പ്രവേശനങ്ങൾ പുന:പരിശോധിക്കുവാനും ആവശ്യമെങ്കിൽ റദ്ദ് ചെയ്യുവാനുമുള്ള അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്.**

**3.3 <u>മോഡൽ റെസിഡെൻഷ്യൽ ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രവേശനം</u>**

പട്ടിക വർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പതിനാല് (14) മോഡൽ റെസിഡെൻഷ്യൽ ഹയർസെക്കണ്ടറി സ്കൂളുകളിലേയും പട്ടിക ജാതി വികസന വകുപ്പിൻെറ കീഴിലുള്ള ആറ്(6) മോഡൽ റെസിഡെൻഷ്യൽ ഹയർസെക്കണ്ടറി സ്കൂളുകളിലേയും പ്രവേശനം ഏകജാലക സംവിധാനത്തിലൂടെ ആയിരിക്കും. പ്രസ്തുത സ്കൂളുകളിലേയ്ക്ക് പ്രത്യേക അപേക്ഷ ഓൺലൈനായി സ്വീകരിച്ച് ഖണ്ഡിക 25 ൽ പ്രതിപാദിക്കുന്ന പ്രവേശന ഷെഡ്യൂൾ പ്രകാരം അലോട്ട്മെൻറ് പ്രക്രിയയിലൂടെ പ്രവേശനം സാധ്യമാക്കുന്നതാണ്. വിശദ നിർദ്ദേശം പ്രത്യേകമായി നൽകുന്നതാണ്.

## <u>4.അഡ്മിഷൻ കമ്മിറ്റി</u>

ഹയർ സെക്കണ്ടറി പ്രവേശന നടപടികളുടെ നിർവഹണത്തിന് സ്കൂൾ പ്രിൻസിപ്പൾ കൺവീനറായി അഞ്ചംഗ അഡ്മിഷൻ കമ്മറ്റിയുണ്ടായിരിക്കും. പ്രസ്തുത കമ്മറ്റിയിൽ ഹയർസെക്കണ്ടറി ഐറ്റി കോർഡിനേറ്ററായിട്ടുള്ള അദ്ധ്യാപകനടക്കം നാല് സീനിയർ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർ ഉണ്ടായിരിക്കുന്നതാണ്. കമ്മറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിൻെറ മേൽനോട്ടവും **പ്രവേശനം സംബന്ധിച്ച കാര്യങ്ങളുടെ പൂർണ ഉത്തരവാദിത്തവും അതത് സ്കൂൾ പ്രിൻസിപ്പളിൽ നിക്ഷിപ്തമാണ്.** ബാച്ചുകൾ കൂടുതലുള്ള സ്കൂളുകളിൽ കൂടുതൽ അദ്ധ്യാപകരെ അഡ്മിഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്തുവാനും അതത് പ്രിൻസിപ്പൽമാർക്ക് അനുമതി ഉണ്ടായിരിക്കുന്നതാണ്. പ്രവേശന നടപടികൾ ആരംഭിക്കുമ്പോൾ തന്നെ ഓരോ സ്കൂളിലേയും അഡ്മിഷൻ കമ്മിറ്റി രൂപീകരിച്ച് കൊണ്ടുള്ള പ്രിൻസിപ്പാളിൻെറ നടപടിക്രമത്തിൻെറ പകർപ്പ് ഏകജാലക പ്രവേശനം നിയന്ത്രിക്കുന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ ഐ.സി.റ്റി.സെല്ലിൻെറ ഔദ്യോഗിക ഇ–മെയിലിലേയ്ക്ക് (ict.dge@kerala.gov.in) അയച്ചു നൽകേണ്ടതാണ്.

## <u>5. ഹെൽപ്പ് ഡസ്ക്കുകൾ</u>

അപേക്ഷ ഓൺലൈൻ സമർപ്പണം., അപേക്ഷയിലെ വിവരങ്ങൾ പരിശോധിക്കൽ തുടങ്ങി സ്കൂൾ പ്രവേശനം സംബന്ധിച്ച് വിദ്യാർഥികൾക്കുണ്ടാകുന്ന എല്ലാ സംശയങ്ങളും പരിഹരിക്കുന്നതിന് സ്കൂൾ തലത്തിൽ അധ്യാപകരും രക്ഷകർതൃ സമതി അംഗങ്ങളും ഉൾപ്പെടുന്ന ഹെൽപ്പ് ഡസ്ക്ക് പ്രവേശന പ്രക്രിയ അവസാനിക്കുന്നത് വരെ സ്കൂളിൽ പ്രവർത്തിക്കുന്നതാണ്.

5.1 **സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളിലും** അദ്ധ്യാപകരെയും അനദ്ധ്യാപകരേയും രക്ഷകർതൃ സമിതി അംഗങ്ങളേയും ഉൾപ്പെടുത്തി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സജ്ജീകരണത്തോടെയുള്ള ഹെൽപ്പ് ഡസ്ക്കുകൾ അപേക്ഷാസമർപ്പണം

മുതൽ പ്രവേശന നടപടികൾ അവസാനിക്കുന്നതുവരെ വൈസ്-പ്രിൻസിപ്പൽമാരുടെ/ പ്രഥമാദ്ധ്യാപകരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നതാണ്.

5.2 **സംസ്ഥാനത്തെ എല്ലാ ഹയർസെക്കണ്ടറി സ്കൂളുകളിലും** അദ്ധ്യാപകരെയും അനദ്ധ്യാപകരേയും രക്ഷകർതൃ സമിതി അംഗങ്ങളേയും ഉൾപ്പെടുത്തി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സജ്ജീകരണത്തോടെയുള്ള ഹെൽപ്പ് ഡസ്ക്കുകൾ അപേക്ഷാസമർപ്പണം മുതൽ പ്രവേശന നടപടികൾ അവസാനിക്കുന്നതു വരെ പ്രിൻസിപ്പൽമാരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നതാണ്.

സ്കൂൾ തലത്തിലെ ഹെൽപ്പ്ഡസ്ക്കിൻെറ പ്രവർത്തനങ്ങളുടെ മേൽനോട്ടവും ഉത്തരവാദിത്വവും അതത് പ്രഥമാദ്ധ്യാപകർക്കും പ്രിൻസിപ്പൽമാർക്കുമായിരിക്കും. ഹെൽപ്പ്ഡെസ്കിൻെറ പ്രവർത്തനത്തിനായി പ്രഥമാദ്ധ്യാപകരും പ്രിൻസിപ്പൽമാരും പ്രത്യേകം റോസ്റ്റർ തയ്യാറാക്കുകയും പ്രവർത്തനങ്ങളിൽ എല്ലാ അദ്ധ്യാപകരുടേയും പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യണം.അപേക്ഷാ സമർപ്പണം മുതൽ തുടങ്ങി ഓരോ ദിവസവും കുറഞ്ഞത് രണ്ട് അദ്ധ്യാപകരെങ്കിലും സ്കൂൾതല ഹെൽപ്ഡെസ്കുകളിൽ മുഴുവൻ സമയവും കാര്യക്ഷമമായിപ്രവർത്തിക്കുന്നുണ്ടെന്ന് അതത് പ്രഥമാദ്ധ്യാപകരും പ്രിൻസിപ്പൽമാരും ഉറപ്പ് വരുത്തണം. സ്കൂൾതല ഹെൽപ് ഡെസ്കുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാത്ത സ്കൂൾ പ്രഥമാദ്ധ്യാപകർക്കും പ്രിൻസിപ്പൽമാർക്കുമെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

ഇതു കൂടാതെ അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും രക്ഷകർത്താക്കളുടെയും സംശയങ്ങൾ ദൂരീകരിക്കാൻ ജില്ലാ തലത്തിലും, മേഖലാ തലത്തിലും, സംസ്ഥാന തലത്തിലും ഹെൽപ്പ് ഡസ്ക്കുകൾ ഉണ്ടായിരിക്കും. ജില്ലാ തലത്തിൽ ജില്ലാ കോർഡിനേറ്ററുടെ നേതൃത്വത്തിലും, മേഖലാ തലത്തിൽ മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിലും, സംസ്ഥാന തലത്തിൽ, അക്കാഡമിക് വിഭാഗം ജോയിൻറ് ഡയറക്ടറുടെ നേതൃത്വത്തിലും ആയിരിക്കും ഹെൽപ്പ് ഡസ്ക്കുകൾ പ്രവർത്തിക്കുക.

## 6. അപേക്ഷയിലെ വിവരങ്ങൾ പരിശോധിക്കൽ

**അപേക്ഷാ വിവരങ്ങളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടത് അപേക്ഷകരുടെ സ്വന്തം ഉത്തരവാദിത്തമാണ്. തെറ്റായി വിവരങ്ങൾ നൽകി ലഭിക്കുന്ന അലോട്ട്മെൻറ് റദ്ദ് ചെയ്യുകയും അങ്ങനെയുള്ള അപേക്ഷകരുടെ പ്രവേശന സാധ്യത ഇല്ലാതാകുകയും ചെയ്യുന്നതാണ്.**

## 7. ട്രയൽ അലോട്ട്മെൻറ്

അപേക്ഷകരായ വിദ്യാർഥികൾക്ക് അവസാനനവട്ട പരിശോധനയും തിരുത്തലുകളും വരുത്തുന്നതിനായി ആദ്യ അലോട്ട്മെൻറ് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ഒരു ട്രയൽ അലോട്ട്മെൻറ് നടത്തുന്നതും ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതുമാണ്. **അപേക്ഷാ**

**വിവരങ്ങളിൽ എന്തെങ്കിലും തെറ്റുകൾ അവശേഷിക്കുന്നുണ്ടെങ്കിൽ തിരുത്താൻ ക്യാൻഡിഡേറ്റ് ലോഗിനിലൂടെ അപേക്ഷകർക്ക് തന്നെ നിർദ്ദിഷ്ഠ ദിവസങ്ങളിൽ സാധിക്കുന്നതാണ്. തെരഞ്ഞെടുത്ത സ്കൂളുകളും സബ്ജെക്ട് കോംബിനേഷനും ഉൾപ്പടെയുള്ള മാറ്റങ്ങൾ ഈ ഘട്ടത്തിലും അനുവദിക്കും.**

## 8. അലോട്ട്മെൻറ് പ്രക്രിയ

മൂന്ന് അലോട്ട്മെൻറുകൾ അടങ്ങുന്ന മുഖ്യ അലോട്ട്മെൻറ് പ്രക്രിയയ്ക്ക് ശേഷം ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സപ്ലിമെൻററി അലോട്ട്മെൻറുകൾ നടത്തും.മുഖ്യ **അലോട്ട്മെൻറ് പ്രക്രിയ അവസ്സാനിക്കുന്നതോടെ താൽക്കാലിക പ്രവേശനത്തിൽ തുടരുന്ന വിദ്യാർത്ഥികൾ പ്രവേശനം നിർബന്ധമായി സ്ഥിരപ്പെടുത്തണം.**

സപ്ലിമെൻററി അലോട്ട്മെൻറിന് അപേക്ഷ ക്ഷണിക്കുന്നതിന് മുൻപ് ഒഴിവുള്ള സീറ്റുകളുടെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷ നൽകിയിട്ടും മുഖ്യ അലോട്ട്മെൻറുകളിലൊന്നിലും ഇടം നേടാൻ കഴിയാത്തവർ **സപ്ലിമെൻററി അലോട്ട്മെൻറുകളിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിനായി നിലവിലുള്ള അപേക്ഷ പുതുക്കണം. അപേക്ഷ പുതുക്കുന്നതോടൊപ്പം നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഓപ്ഷനുകൾ പുതുക്കി നൽകണം. സപ്ലിമെൻററി അലോട്ട്മെൻറിനായി പ്രസിദ്ധീകരിക്കുന്ന ഒഴിവുള്ള സ്കൂൾ / കോമ്പിനേഷനുകൾ മാത്രമേ ഓപ്ഷനുകളായി തിരഞ്ഞെടുക്കുവാൻ കഴിയുകയുള്ളു.** സപ്ലിമെൻററി അലോട്ട്മെൻറിന് വേണ്ടി തയ്യാറാക്കുന്ന പുതിയ റാങ്ക് ലിസ്റ്റനുസരിച്ച് ഈ അപേക്ഷകരെ വീണ്ടും പ്രവേശനത്തിനായി പരിഗണിക്കും. എന്നാൽ അപേക്ഷ പുതുക്കാതിരുന്നാൽ അലോട്ട്മെൻറിന് വേണ്ടി പരിഗണിക്കില്ല. നേരത്തെ അപേക്ഷ നൽകാതിരുന്നവർക്കും സപ്ലിമെൻററി അലോട്ട്മെൻറിനു വേണ്ടി അപേക്ഷ നൽകാം. മുഖ്യഘട്ട അപേക്ഷാ സമർപ്പണ തീയതിക്കു ശേഷം യോഗ്യത നേടുന്നവരേയും ഈ ഘട്ടത്തിലായിരിക്കും പരിഗണിക്കുക. **എന്നാൽ നിലവിൽ പ്രവേശനം (മെറിറ്റ്, സ്പോർട്സ്, മാനേജ്മെൻറ്, കമ്മ്യൂണിറ്റി,അൺ-എയ്ഡഡ് എന്നിവയിൽ ഏതെങ്കിലും ക്വാട്ടയിൽ) നേടിക്കഴിഞ്ഞ വിദ്യാർഥികൾ ഈ ഘട്ടത്തിൽ വീണ്ടും അപേക്ഷിക്കുവാൻ പാടില്ല. അലോട്ട്മെൻറ് ലഭിച്ചിട്ടും നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവേശനം നേടാത്ത അപേക്ഷകരെ തുടർന്നുള്ള അലോട്ട്മെൻറുകളിൽ പരിഗണിക്കുന്നതല്ല. അപേക്ഷകരുള്ള പക്ഷം സപ്ലിമെൻററി അലോട്ട്മെൻറുകൾക്ക് ശേഷം ജില്ലാന്തര സ്കൂൾ/കോംബിനേഷൻ മാറ്റങ്ങൾ അനുവദിക്കുന്നതാണ്.**

## 9 . സ്ഥിരപ്രവേശനം,താൽക്കാലിക പ്രവേശനം

ഒന്നാം ഓപ്ഷൻ പ്രകാരം അലോട്ട്മെൻറ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഫീസ് നൽകി നിശ്ചിത സമയത്തിനുള്ളിൽ സ്കൂളിൽ സ്ഥിരപ്രവേശനം നേടണം.ഫീസടച്ചില്ലെങ്കിൽ ഈ സീറ്റുകൾ ഒഴിഞ്ഞതായി കണക്കാക്കുന്നതാണ്.ഈ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് പിന്നീട് അവസരം ലഭിക്കുന്നതല്ല.താഴ്ന്ന ഓപ്ഷനിൽ അലോട്ട്മെൻറ് ലഭിക്കുകയും തുടർന്നുള്ള

അലോട്ട്മെൻറുകളിൽ ഉയർന്ന ഓപ്ഷനിലേയ്ക്കുള്ള മാറ്റം പ്രതീക്ഷിക്കുകയും ചെയ്യുന്നുവെങ്കിൽ താൽക്കാലിക പ്രവേശനം നേടിയാൽ മതി. ഹയർസെക്കണ്ടറി പ്രവേശന യോഗ്യത തെളിയിക്കുവാനുള്ള അസ്സൽ രേഖകൾ സ്കൂൾ പ്രിൻസിപ്പലിനെ ഏൽപ്പിച്ചാൽ താൽക്കാലിക പ്രവേശനം ലഭിക്കുന്നതാണ്.താൽക്കാലിക പ്രവേശനം നേടാൻ ഫീസടക്കേണ്ടതില്ല.മെച്ചപ്പെട്ട ഓപ്ഷൻ ലഭിച്ച ശേഷം താൽക്കാലിക പ്രവേശനം നേടിയിരുന്ന സ്കൂളിൽ നിന്നും അസ്സൽ സർട്ടിഫിക്കറ്റുകൾ വാങ്ങി പുതിയ സ്കൂളിൽ നൽകി പ്രവേശനം നേടിയാൽ മതി. മുഖ്യ അലോട്ട്മെൻറുകൾ കഴിയുന്നത് വരെ ഇങ്ങനെ താൽക്കാലിക അഡ്മിഷനിൽ തുടരാം.താഴ്ന്ന ഓപ്ഷനിൽ അഡ്മിഷൻ ലഭിച്ച ശേഷം അഡ്മിഷൻ സ്ഥിരപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവർക്ക് ഉയർന്ന ഓപ്ഷനുകൾ റദ്ദാക്കിക്കൊണ്ട് ഫീസടച്ച് സ്ഥിരപ്രവേശനം നേടാം.അങ്ങനെ തീരുമാനിക്കുന്നവർ ഉയർന്ന ഓപ്ഷൻ റദ്ദ് ചെയ്യാൻ ആഗ്രഹിക്കുന്ന വിവരം പ്രവേശനം നേടുന്ന ദിവസംതന്നെ സ്കൂൾ പ്രിൻസിപ്പലിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.തെരഞ്ഞെടുത്ത ഏതാനും ഉയർന്ന ഓപ്ഷനുകൾ മാത്രമായും ക്യാൻസൽ ചെയ്യാവുന്നതാണ്.ഉയർന്ന ഓപ്ഷൻ റദ്ദ് ചെയ്യാത്ത വിദ്യാർത്ഥികൾ തുടർന്ന് വരുന്ന അലോട്ട്മെൻറുകളിൽ ഉയർന്ന ഓപ്ഷൻ ലഭിച്ചാൽ നിർബന്ധമായും പുതിയ അലോട്ട്മെൻറിലേക്ക് മാറിപ്പോകണം.**സ്ഥിരപ്രവേശനത്തിനും താൽക്കാലികപ്രവേശനത്തിനും യോഗ്യത തെളിയിക്കുന്ന എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ സഹിതം വിദ്യാർത്ഥിയും രക്ഷിതാവും ഹാജരായാൽ മാത്രമേ പ്രവേശനം ലഭിക്കുകയുള്ളു.ഓരോ അലോട്ട്മെൻറിനോടൊപ്പവും അറിയിക്കുന്ന പ്രവേശന ദിവസങ്ങളിൽ തന്നെ പ്രവേശനം നേടാത്തവർക്ക് പിന്നീടവസരം ലഭിക്കുന്നതല്ല.** പ്രവേശനപ്രക്രിയ അവസാനിക്കുന്നതുവരെ മെറിറ്റ് സീറ്റുകളിലേയ്ക്കുള്ള എല്ലാ പ്രവേശനങ്ങളും സ്കൂൾ മാറ്റങ്ങളും ഏകജാലക സംവിധാനം വഴി മാത്രമായിരിക്കും നടക്കുന്നത്. **ഓരോ അലോട്ട്മെൻറിലും പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ പ്രവേശന വിവരങ്ങൾ ( അഡ്മിഷൻ നമ്പർ(സ്ഥിര പ്രവേശനം നേടുന്നവരുടെ മാത്രം) , രണ്ടാം ഭാഷ ,പ്രവേശന സ്ഥിതി (സ്ഥിരം / താൽക്കാലികം) തുടങ്ങിയവ) അതാത് ദിവസം തന്നെ സ്കൂൾ അധികൃതർ ഓൺലൈനായി രേഖപ്പെടുത്തുന്നതാണ്. ഇപ്രകാരം പ്രവേശന വിവരം രേഖപ്പെടുത്തിയാൽ മാത്രമേ പ്രസ്തുത വിദ്യാർത്ഥികൾ സ്കൂളിൻെറ പ്രവേശന ലിസ്റ്റിൽ ഉൾപ്പെടുകയുള്ളു.**ഓരോ അലോട്ട്മെൻറിനു ശേഷവും സ്കൂളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഈ ലിസ്റ്റ് പരിശോധിക്കാവുന്നതാണ്.

**10.ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷിക്കുന്ന രീതി**

ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷ സമർപ്പിച്ചവർക്ക് അപേക്ഷിച്ച ജില്ലകളിലെല്ലാം ഒരേ സമയം അലോട്ട്മെൻറ് ലഭിച്ചാൽ അവർ ഏതെങ്കിലും ഒരു ജില്ലയിൽ മാത്രം പ്രവേശനം നേടേണ്ടതും അതോടെ മറ്റ് ജില്ലകളിലെ ഓപ്ഷനുകൾ തനിയെ റദ്ദാകുന്നതുമാണ്.പ്രവേശനം നേടിയ ജില്ലയിൽ ആവശ്യമെങ്കിൽ താൽക്കാലിക അഡ്മിഷനിൽ തുടർന്ന് കൊണ്ട് അതേ ജില്ലയിലെ മെച്ചപ്പെട്ട ഓപ്ഷനുകൾക്ക് വേണ്ടി കാത്തിരിക്കാം.എന്നാൽ ആദ്യം ഒരു ജില്ലയിൽ മാത്രം അലോട്ട്മെൻറ് ലഭിക്കുകയും, അതനുസരിച്ച് പ്രവേശനം നേടിയ ശേഷം തുടർന്നുള്ള അലോട്ട്മെൻറിൽ മറ്റൊരു ജില്ലയിൽ പുതുതായി അലോട്ട്മെൻറ് ലഭിച്ചാൽ പുതിയ അലോട്ട്മെൻറ് സ്വീകരിക്കാവുന്നതാണ്. തുടർന്ന് പുതുതായി പ്രവേശനം നേടിയ ജില്ലയിലെ ഉയർന്ന ഓപ്ഷനുകളിലേയ്ക്ക് മാത്രമേ ഈ വിദ്യാർത്ഥിയ്ക്ക് മാറാൻ കഴിയൂ.ആദ്യ ജില്ലയിലെ ഓപ്ഷനുകൾ തനിയെ റദ്ദാകും.

11. ബോണസ് പോയിൻറിന് അർഹതയുള്ള വിഭാഗങ്ങൾ

| വിഭാഗം | ബോണസ് പോയിൻറ് |
|---|---|
| കൃത്യനിർവ്വഹണത്തിനിടയിൽ മരണമടഞ്ഞ ജവാൻ മാരുടെമക്കൾക്ക്(നിയമപരമായി അവർ ദത്തെടുത്ത മക്കൾക്കും ഈ ആനുകൂല്യത്തിനർഹതയുണ്ട്) | 5 |
| ജവാൻ മാരുടേയും എക്സ്-സർവ്വീസുകാരുടേയും (ആർമി / നേവി / എയർ-ഫോഴ്സ് മുതലായവ മാത്രം) മക്കൾക്ക് / നിയമപരമായി അവർ ദത്തെടുത്ത മക്കൾക്ക് | 3 |
| എൻ.സി.സി.(75 ശതമാനത്തിൽ കുറയാത്ത ഹാജർ കേഡറ്റിനുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം)/സ്കൗട്ട് ഗൈഡ്(രാഷ്ട്രപതി പുരസ്ക്കാർ /രാജ്യപുരസ്ക്കാർ നേടിയവർക്ക് മാത്രം)/സ്റ്റുഡൻറ് പോലിസ് കേഡറ്റുകൾ(GO(No) 214/2012/Home dated 04/08/2012 വിവക്ഷിച്ചമാതിരി.) | 2 |

| | |
|---|---|
| A ഗ്രേഡ് സർട്ടിഫിക്കറ്റുള്ള ലിറ്റിൽ കൈറ്റ്സ് അംഗം | 1 |
| അതേ സ്കൂളിലെ വിദ്യാർത്ഥി | 2 |
| അതേ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ | 2 |
| അതേ താലൂക്ക് | 1 |
| ഗവ:/എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളില്ലാത്ത ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് അതേ താലൂക്കിലെ മറ്റ് സ്കൂളുകളിൽ നൽകുന്ന ഗ്രേഡ് പോയിൻറ് | 2 |
| കേരള സംസ്ഥാന ബോർഡ് നടത്തുന്ന പൊതു പരീക്ഷയിൽ എസ്.എസ്.എൽ.സി (കേരള സിലബസ്) യോഗ്യത നേടുന്നവർ | 3 |

**കുറിപ്പ് 1 :** മേൽ പരാമർശിച്ച രീതിയിൽ ബോണസ് പോയിൻറിന് അർഹതയുണ്ടെങ്കിലും കണക്കാക്കുമ്പോൾ ഒരു അപേക്ഷകന് നൽകുന്ന ബോണസ് പോയിൻറ് പരമാവധി 10 ആയി നിജപ്പെടുത്തുന്നതാണ്. അതായത് വിവിധ ഇനങ്ങളിലൂടെ ഒരു അപേക്ഷകൻ പത്തോ അതിലധികമോ ബോണസ് പോയിൻറ് അവകാശപ്പെട്ടിട്ടുണ്ടെങ്കിലും ആയത് 10 ആയി നിജപ്പെടുത്തുന്നതാണ്. എൻ.സി.സി /സ്കൗട്ട് ആൻറ് ഗൈഡ് രാജ്യപുരസ്കാരം നേടിയവർ/ സ്റ്റുഡൻറ്സ് പോലിസ് കേഡറ്റ് / ലിറ്റിൽ കൈറ്റ്സ് A ഗ്രേഡ് ലഭിച്ചിട്ടുള്ളവർ എന്നിവയിൽ ഏതെങ്കിലും ഒരു ഇനത്തിനുള്ള ബോണസ് പോയിൻറ് മാത്രമേ അനുവദീക്കുകയുള്ളു.

**കുറിപ്പ് 2 : പത്താം തരത്തിൽ ഗ്രേസ് മാർക്ക് ലഭിച്ചിട്ടുള്ള അപേക്ഷകർക്ക്, എൻ.സി.സി /സ്കൗട്ട് ആൻറ് ഗൈഡ് രാജ്യപുരസ്കാരം നേടിയവർ/ സ്റ്റുഡൻറ്സ് പോലിസ് കേഡറ്റ് / ലിറ്റിൽ കൈറ്റ്സ് A ഗ്രേഡ് ലഭിച്ചിട്ടുള്ളവർ എന്നിങ്ങനെയുള്ള ബോണസ് പോയിൻറിന് അർഹത ഉണ്ടായിരിക്കുന്നതല്ല.**

12 <u>മൈനസ് പോയിൻറ്</u>

ആദ്യ തവണ തന്നെ യോഗ്യതാപരീക്ഷാ പാസാകാത്ത അപേക്ഷകരുടെ ആകെ ഗ്രേഡ് പോയിൻറിൽ നിന്നും ചാൻസൊന്നിന് ഒരു പോയിൻറ് എന്ന തരത്തിൽ കുറവ് ചെയ്യും.എന്നാൽ ആദ്യമായി എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ വർഷം തന്നെ സേ പരീക്ഷയെഴുതി വിജയിച്ച് അപേക്ഷ നൽകുന്ന വിദ്യാർത്ഥികൾക്ക് മൈനസ് പോയിൻറ് ബാധകമല്ല.

13 സീറ്റ് സംവരണം

| വിഭാഗം | സർക്കാർ സ്കൂളുകൾ | ന്യൂനപക്ഷ/പിന്നോക്ക സമുദായ എയിഡഡ് മാനേജ്മെൻറ്സ്കൂളുകൾ അല്ലാത്ത മറ്റ് എയിഡഡ് സ്കൂളുകൾ | ന്യൂനപക്ഷ/പിന്നോക്ക സമുദായ എയിഡഡ് മാനേജ്മെൻറ് സ്കൂളുകൾ | അംഗീകൃത അൺഎയിഡഡ് സ്കൂളുകൾ |
|---|---|---|---|---|
| ഓപ്പൺ മെറിറ്റ് | 42% | 60% | 40% | 40% |
| മാനേജ്മെൻറ് ക്വാട്ടാ | ഇല്ല | 20% | 20% | 40% |
| കമ്മ്യൂണിറ്റി ക്വാട്ട | ഇല്ല | ഇല്ല | 20% (അതത് സമുദായത്തിലെ അപേക്ഷകർക്ക് മെറിറ്റ് അടിസ്ഥാനത്തിൽ) | ഇല്ല |
| ഈഴവ,തിയ്യ,ബില്ലവ ഉൾപ്പടെ (ETB) | 8% | ഇല്ല | ഇല്ല | ഇല്ല |
| മുസ്ലീം | 7% | ഇല്ല | ഇല്ല | ഇല്ല |
| ലത്തീൻകത്തോലിക്ക, **SIUC** വിഭാഗക്കാരും, ആംഗ്ലോ ഇൻഡ്യനും (LSA) | 3% | ഇല്ല | ഇല്ല | ഇല്ല |
| മറ്റ് പിന്നോക്ക കൃസ്തീയ | 1% | ഇല്ല | ഇല്ല | ഇല്ല |

| | | | | |
|---|---|---|---|---|
| സമുദായങ്ങൾ (OBX) | | | | |
| ധീവര വിഭാഗത്തിൽപെട്ട എല്ലാ അവാന്തര വിഭാഗങ്ങളും (DV) | 2% | ഇല്ല | ഇല്ല | ഇല്ല |
| വിശ്വകർമ്മ അനുബന്ധവിഭാഗങ്ങൾ (VK) | 2% | ഇല്ല | ഇല്ല | ഇല്ല |
| കുടുംബി (KU) | 1% | ഇല്ല | ഇല്ല | ഇല്ല |
| കുശവൻ അനുബന്ധവിഭാഗങ്ങൾ (KN) | 1% | ഇല്ല | ഇല്ല | ഇല്ല |
| മറ്റ് പിന്നോക്ക ഹിന്ദു സമുദായങ്ങൾ (OBH) | 3% | ഇല്ല | ഇല്ല | ഇല്ല |
| പട്ടികജാതി | 12% | 12% | 12% | 12% |
| പട്ടികവർഗം | 8% | 8% | 8% | 8% |
| ഭരണഘടനാ ഭേദഗതിയിലൂടെ സംവരണത്തിന് അർഹതയുള്ള, സംവരണേതര വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ(EWS) | 10% | ഇല്ല | ഇല്ല | ഇല്ല |
| സ്പോർട്സ് ക്വാട്ട, വിഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ(IEDC), ഭാഷാന്യൂനപക്ഷങ്ങൾ | | | | |

| വിഭാഗം | സർക്കാർ സ്കൂളുകൾ | ന്യൂനപക്ഷ/പിന്നാക്ക സമുദായ എയിഡഡ് മാനേജ്മെൻറ്സ്കൂളുകൾ അല്ലാത്ത മറ്റ് എയിഡഡ് സ്കൂളുകൾ | ന്യൂനപക്ഷ പിന്നോക്ക സമുദായ എയിഡഡ് മാനേജ്മെൻറ് സ്കൂളുകൾ | അംഗീകൃത അൺഎയിഡഡ് സ്കൂളുകൾ |
|---|---|---|---|---|
| സ്പോർട്സ് ക്വാട്ട | ഓപ്പൺ മെറിറ്റിന്റെ 5% | ഓപ്പൺ മെറിറ്റിന്റെ 5% | ഓപ്പൺ മെറിറ്റിന്റെ 5% | ഇല്ല |
| വിഭിന്നശേഷി വിഭാഗത്തിലുള്ളവർ (Differently Abled) | ഓപ്പൺ മെറിറ്റിന്റെ 3% | ഓപ്പൺ മെറിറ്റിന്റെ 3% | ഓപ്പൺ മെറിറ്റിന്റെ 3% | ഇല്ല |
| ഭാഷാന്യൂനപക്ഷങ്ങൾ (തമിഴും കന്നഡയും മാത്രം) | തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഓപ്പൺ മെറിറ്റിന്റെ 5% സീറ്റുകൾ | | | ഇല്ല |

**സമുദായം തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലെ സമുദായ വിവരം മതിയാകുന്നതാണ്. എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ നിന്നും വിഭിന്നമായ സമുദായമാണ് അവകാശപ്പെടുന്നതെങ്കിൽ പ്രസ്തുത വിവരം തെളിയിക്കുന്നതിന് റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം.**

<u>കുറിപ്പ്1:</u> പട്ടികജാതി/പട്ടികവർഗ സംവരണ സീറ്റുകളിലേയ്ക്ക് മതിയായ അപേക്ഷകരില്ലെങ്കിൽ അവശേഷിക്കുന്ന അത്തരം ഒഴിവുകളിലേയ്ക്ക് ആദ്യം അനുബന്ധം 2-ലെ Other Eligible Communities(OEC) -ൽ ഉൾപ്പെട്ട ഒ.ഇ.സി(പട്ടികവർഗം) 13 വിഭാഗങ്ങളേയും,ഒ.ഇ.സി(പട്ടികജാതി) 7 വിഭാഗങ്ങളേയും മാത്രമേ പരിഗണിക്കുകയുള്ളൂ.അതിനു ശേഷവും ഒഴിവുകളുണ്ടെങ്കിൽ അത്തരം സീറ്റുകളെ പൊതു മെറിറ്റ് സീറ്റുകളായി പരിഗണിച്ച് ഒ.ബി.സി.യിലെ ഈഴവ,മുസ്ലീം,ലത്തീൻ കത്തോലിക്കാ/SIUC/ആംഗ്ലോ ഇൻഡ്യൻ,മറ്റ് പിന്നോക്ക ക്രിസ്ത്യൻ,മറ്റ് പിന്നോക്ക ഹിന്ദു,വിശ്വകർമ്മ അനുബന്ധ വിഭാഗങ്ങൾ എന്നീ വിഭാഗങ്ങൾക്ക് സർക്കാർ സ്കൂളുകളിൽ അവർക്ക് ലഭിക്കുന്ന സംവരണശതമാനപ്രകാരവും അവശേഷിക്കുന്ന

സീറ്റുകൾ ജനറൽ വിഭാഗത്തിനും നൽകും.സർക്കാർ സ്കൂളുകളിലും എയിഡഡ് സ്കൂളുകളിലും പട്ടികജാതി/പട്ടികവർഗ സീറ്റുകളിലേയ്ക്കുള്ള ഒഴിവുകൾ നികത്തുന്നത് ഒരേ മാനദണ്ഡങ്ങളനുസരിച്ചായിരിക്കും.

കുറിപ്പ് 2: വിഭിന്നശേഷി വിഭാഗത്തിൽ 1)ശാരീരിക വൈകല്യമുള്ളവർ, 2)അന്ധർ, 3)ബധിരർ, 4)മാനസിക/മസ്തിഷ്ക രോഗങ്ങൾ മൂലം പഠനവൈകല്യമുള്ളവർ എന്നിവരുൾപ്പെടും.ഈ വിഭാഗത്തിൽ പരിഗണിക്കപ്പെടുന്നതിന് അപേക്ഷകർ തങ്ങൾക്ക് 40 ശതമാനത്തിൽ കുറയാത്ത വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന അംഗീകൃത മെഡിക്കൽ ബോർഡിൻെറ സർട്ടിഫിക്കറ്റ് ഹാജരാക്കണം.ഈ വിഭാഗത്തിൽപ്പെടുന്നവർ പ്രായോഗികപരീക്ഷകളുള്ള വിഷയങ്ങളുൾപ്പെടുന്ന കോമ്പിനേഷനുകൾ തെരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈ വിഷയങ്ങൾ പഠിക്കുന്നതിന് അപേക്ഷകൻെറ രോഗവസ്ഥ തടസ്സമല്ലെന്ന്,വിദ്യാഭ്യാസ വകുപ്പ് ഈ ആവശ്യത്തിനായി ചുമതലപ്പെടുത്തുന്ന ജില്ലാ തലത്തിലുള്ള പ്രത്യേക സമിതി സാക്ഷ്യപ്പെടുത്തണം.ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശിക്കുന്ന ഒരു വിദഗ്ദ്ധഡോക്ടറും ഗവൺ മെൻറ് സ്കൂളിലെ ഹയർസെക്കണ്ടറി സയൻസ് അദ്ധ്യാപകനും അതേ വിഭാഗത്തിലെ ഒരു പ്രിൻസിപ്പലും IEDC റിസോഴ്സ് അദ്ധ്യാപകനും ഈ സമിതിയിലുണ്ടായിരിക്കും.ഈ സമിതി വിദ്യാർത്ഥികളെ അഭിമുഖത്തിനായി ക്ഷണിക്കുന്ന തീയതിയും സ്ഥലവും മുൻ കൂട്ടി അറിയിക്കും.വിഭിന്നശേഷി വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളുടേയും യോഗ്യതാസർട്ടിഫിക്കറ്റുകളുടെ പ്രാരംഭപരിശോധന നടത്തുന്നത് മുകളിൽ സൂചിപ്പിച്ച സമിതിയായിരിക്കും.പരിശോധനയ്ക്ക് ശേഷം സമിതി നൽകുന്ന സർട്ടിഫിക്കറ്റിലെ റഫറൻസ് നമ്പർ വിദ്യാർത്ഥികൾ അപേക്ഷാഫാറത്തിൽ രേഖപ്പെടുത്തേണ്ടതും സർട്ടിഫിക്കറ്റിൻെറ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

എന്നാൽ പ്രവേശനത്തിലെ കാലതാമസം ഒഴിവക്കുന്നതിനായി പ്രസ്തുത അപേക്ഷകരുടെ രക്ഷാകർത്താക്കൾ IEDC റിസോഴ്സ് അദ്ധ്യാപകരുടേയും മറ്റ് അദ്ധ്യാപകരുടേയും നിർദ്ദേശം തേടി ആയതിൻെറ അടിസ്ഥാനത്തിൽ വിദ്യാർത്ഥിയുടെ അഭിരുചിയ്ക്ക് അനുയോജ്യമായ സ്കൂൾ/കോഴ്സ് തെരഞ്ഞെടുത്ത് ഓപ്ഷനായി അപേക്ഷയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. പ്രവേശനത്തിൻെറ അന്തിമ ഘട്ടത്തിൽ ആവശ്യമെങ്കിൽ മുൻ ഖണ്ഡികയിൽ പ്രതിപാദിക്കുന്ന ജില്ലാതല സമിതി പ്രസ്തുത വിദ്യാർത്ഥിയുടെ കോഴ്സ് വിലയിരുത്തുന്നതാണ്.

ഈ വിഭാഗത്തിന് വേണ്ടി സംവരണം ചെയ്തിട്ടുള്ള സീറ്റുകളുടെ മൂന്നിലൊന്ന് അന്ധർക്കായിരിക്കും. അന്ധരായ അപേക്ഷകരില്ലെങ്കിൽ അവർക്കായി സംവരണം ചെയ്ത സീറ്റുകൾ ഇതേ വിഭാഗത്തിലെ മറ്റ് ഉപവിഭാഗങ്ങൾക്ക് നൽകും.വിഭിന്നശേഷിവിഭാഗത്തിലെ അപേക്ഷകർക്ക് യോഗ്യതയുള്ള പക്ഷം അവരുടെ ആദ്യ ഓപ്ഷൻ തന്നെ അലോട്ട് ചെയ്ത് നൽകുന്നതാണ്. ഇതിനായി ആവശ്യമെങ്കിൽ അധിക സീറ്റുകൾ സൃഷ്ടിക്കുന്നതായിരിക്കും.ആദ്യ അലോട്ട്മെൻറിൽ തന്നെ ഈ വിഭാഗത്തിലെ മുഴുവൻ അപേക്ഷകരേയും പരിഗണിക്കുന്നതാണ്.

**കുറിപ്പ് 3** :- ഭരണഘടനാ ഭേദഗതിയിലൂടെ സംവരണത്തിന് അർഹതയുള്ള സംവരണേതര വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ(EWS) അതായത് മുന്നോക്കക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായുള്ള 10% സംവരണ സീറ്റുകളിലേയ്ക്ക് അപേക്ഷിക്കുന്നതിന് **അനുബന്ധം 10** സർക്കാർ ഉത്തരവിലെ ഖണ്ഡിക 5 –ൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും അനുസരിച്ച് വില്ലേജ് ആഫീസറിൽ നിന്നും Income & Assets Certificate ലഭിക്കുന്നവരായിരിക്കണം. വില്ലേജ് ആഫീസുകളിൽ നിന്നും EWS റിസർവേഷന് ആവശ്യമുള്ള **അനുബന്ധം 11** ആയി നൽകിയിട്ടുള്ള Annexure 1 മാതൃകയിലുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ Annexure 2 മാതൃകയിലുള്ള Income & Assets Certificate ആണ് അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടത്.

**സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നോക്ക വിഭാഗങ്ങളിൽനിന്ന് മതിയായ അപേക്ഷകരില്ലെങ്കിൽ അവശേഷിക്കുന്ന അത്തരം സീറ്റുകൾ മുഖ്യഘട്ടത്തിലെ അവസാന അലോട്ട്മെൻറിൽ പൊതുമെരിറ്റ് സീറ്റുകളായി പരിവർത്തനം ചെയ്ത് അലോട്ട്മെൻറിന് പരിഗണിക്കുന്നതാണ്'**

**14 സ്പോർട്സ് ക്വാട്ടയിലെ പ്രവേശനം**

**സ്പോർട്ട്സ് ക്വാട്ട അഡ്മിഷൻ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി രണ്ട് ഘട്ടങ്ങൾ ഉൾപ്പെട്ട ഓൺലൈൻ കേന്ദ്രീകൃത അലോട്ട്മെൻറ് സംവിധാനം ഈ വർഷവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.** ആദ്യ ഘട്ടത്തിൽ സ്പോർട്ട്സിൽ മികവ് നേടിയ വിദ്യാർത്ഥികൾ അവരുടെ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ അതാത് ജില്ലാ സ്പോർട്ട്സ് കൗൺസിലുകളിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ജില്ലാ സ്പോർട്ട്സ് കൗൺസിൽ അധികാരികൾ ഓരോ വിദ്യാർത്ഥിയുടേയും സ്പോർട്സ് സർട്ടിഫിക്കറ്റ് വിവരങ്ങൾ ആയതിലേയ്ക്ക് തയ്യാറാക്കുന്ന പ്രത്യേക ഓൺലൈൻ സംവിധാനത്തിലൂടെ വേരിഫിക്കേഷൻ നടത്തുമ്പോൾ തന്നെ ഒരു സ്കോർ കാർഡ് ഓരോ വിദ്യാർത്ഥിയ്ക്കും ജനറേറ്റ് ചെയ്യപ്പെടും.. രണ്ടാം ഘട്ടത്തിൽ പ്ലസ് വൺ അഡ്മിഷന് യോഗ്യത നേടുന്ന വിദ്യാർത്ഥികൾക്ക് സ്പോർട്ട്സ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്നതിനായി അവരുടെ അപേക്ഷ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ടി അപേക്ഷയിൽ വിദ്യാർത്ഥിയ്ക്ക് താൽപര്യമുള്ള സ്കൂൾ/കോഴ്സുകൾ ഓപ്ഷനായി നൽകാവുന്നതാണ്. നിശ്ചിത ഷെഡ്യൂൾ പ്രകാരം മുഖ്യഘട്ടത്തിൽ രണ്ട് അലോട്ട്മെൻറുകളും സപ്ലിമെൻററിഘട്ടത്തിൽ ഒരു അലോട്ട്മെൻറും ഉൾപ്പെട്ടതാണ് സ്പോർട്സ് ക്വാട്ട പ്രവേശനം. ഈ വിഭാഗത്തിനായി സംവരണം ചെയ്ത സീറ്റുകൾ ബാക്കിയുണ്ടെങ്കിൽ അവ ഏകജാലകസംവിധാനം

വഴി നികത്തുന്നതാണ്.സ്പോർട്സ് ക്വാട്ടയിലേയ്ക്ക് അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്ക് അവർ ആഗ്രഹിക്കുന്ന പക്ഷം ഏകജാലകസംവിധാനം വഴിയുള്ള മെറിറ്റ് ക്വാട്ടയിലേയ്ക്കും അപേക്ഷ നൽകാവുന്നതാണ്.

### 15 കേന്ദ്രീകൃത പ്രവേശന രജിസ്ട്രി

മെറിറ്റ് സീറ്റിലെ വിദ്യാർത്ഥിവിവരങ്ങൾക്കൊപ്പം സ്കൂൾ തലത്തിൽ പ്രവേശനം നടത്തുന്ന സ്പോർട്സ്/മാനേജ്മെൻറ്/കമ്മ്യൂണിറ്റി ക്വാട്ടകളിലെ വിവരങ്ങളും അൺ-എയിഡഡ് സ്കൂൾ ബാച്ചുകളിലെ വിദ്യാർത്ഥിവിവരങ്ങളും കൂടി ചേർത്ത് കേന്ദ്രീകൃത പ്രവേശനരജിസ്ട്രി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്.പരീക്ഷാരജിസ്ട്രേഷൻ ഉൾപ്പെടെയുള്ള വിവിധ വകുപ്പുതല ആവശ്യങ്ങൾക്ക് ഈ രജിസ്ട്രിയായിരിക്കും തുടർന്നുപയോഗിക്കുന്നത്.ഡയറക്ടറേറ്റിൽ നിന്ന് നിർദ്ദേശിക്കുന്ന സമയപരിധിയ്ക്കുള്ളിൽ സ്കൂളധികൃതർ മുകളിൽ പരാമർശിച്ച വിദ്യാർത്ഥി വിവരങ്ങൾ അപ് ലോഡ് ചെയ്യും. **സ്കൂളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ പ്രവേശന വിവരങ്ങൾ കേന്ദ്രീകൃത പ്രവേശന രജിസ്ട്രിയിൽ ഉൾപ്പെടുത്തേണ്ട പൂർണ്ണ ഉത്തരവാദിത്തം അതത് സ്കൂൾ പ്രിൻസിപ്പൽമാർക്കായിരിക്കും.** കേന്ദ്രീകൃതപ്രവേശനരജിസ്ട്രിയിലേയ്ക്ക് ഓരോ സ്കൂളിലും സർക്കാർ അനുവദിച്ചിട്ടുള്ള എണ്ണം വിദ്യാർത്ഥികളെ മാത്രമേ ഉൾപ്പെടുത്താൻ കഴിയൂ.ഈ രജിസ്ട്രിയിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി പരീക്ഷയ്ക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല.അതിനാൽ കേന്ദ്രീകൃതരജിസ്ട്രി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചാലുടൻ വിദ്യാർത്ഥികൾ ലിസ്റ്റ് പരിശോധിച്ച് സ്വന്തം പേര്,സ്കൂൾ,പഠിക്കുന്ന വിഷയ കോമ്പിനേഷൻ എന്നിവ ശരിയായരീതിയിൽ ഉണ്ടെന്നുറപ്പാക്കേണ്ടതാണ്.പരാതികളുണ്ടെങ്കിൽ അവ പ്രിൻസിപ്പലിനെ രേഖാമൂലം അറിയിക്കണം.

### 16 പ്രവേശനമാനദണ്ഡം: WGPA കണക്കാക്കുന്നത്

ഓരോ വിദ്യാർത്ഥിയുടേയും **WGPA (Weighted Grade Point Average)** കണക്കാക്കിയാണ് പ്രവേശനത്തിനുള്ള അർഹത നിശ്ചയിക്കുന്നത്.അത് കണക്കാക്കുന്ന വിധം താഴെ കൊടുക്കുന്നു.

- ആദ്യം യോഗ്യതാപരീക്ഷയിൽ ഓരോ വിഷയത്തിനും അപേക്ഷകന് ലഭിച്ച ഗ്രേഡുകൾക്ക് താഴെ സൂചിപ്പിച്ച പ്രകാരം ഗ്രേഡ് പോയിൻറ് നൽകുന്നു.

| ഗ്രേഡ് | A+ | A | B+ | B | C+ | C | D+ |
|---|---|---|---|---|---|---|---|
| ഗ്രേഡ് പോയിൻറ | 9 | 8 | 7 | 6 | 5 | 4 | 3 |

- വിവിധ വിഷയങ്ങൾക്ക് ലഭിച്ചിട്ടുള്ള ഗ്രേഡ് പോയിൻറുകളുടെ തുകയായ**TGP (Total Grade Point)** കണക്കാക്കുന്നു. (ദാ:പത്ത് വിഷയങ്ങൾക്കും **A+** ഗ്രേഡുകൾ ലഭിച്ച വിദ്യാർത്ഥിയുടെ **TGP 90** ആയിരിക്കും)
- ഹയർ സെക്കണ്ടറി പഠനത്തിന് വിദ്യാർത്ഥി തെരഞ്ഞെടുക്കുന്ന വിഷയ കോമ്പിനേഷനകൾക്കനുസരിച്ച് യോഗ്യതാ പരീക്ഷയിലെ ചില വിഷയങ്ങൾക്ക് വെയിറ്റേജ് ലഭിക്കും.തെരഞ്ഞെടുക്കുന്ന വിഷയ കോമ്പിനേഷനുമായി ബന്ധമുള്ള എസ്.എസ്.എൽ.സി പേപ്പറുകൾക്കാണ് ഇങ്ങനെ വെയിറ്റേജ് ലഭിക്കുന്നത്.ഹയർ സെക്കണ്ടറിയിലെ 45 കോഴ്സ് കോമ്പിനേഷനുകൾക്ക് വെയിറ്റേജ് ലഭിക്കുന്ന എസ്.എസ്.എൽ.സി വിഷയങ്ങളുടെ വിശദാംശങ്ങൾ ഖണ്ഡിക 18 –ൽ കൊടുത്തിരിക്കുന്നു.ഇങ്ങനെ വെയിറ്റേജ് ലഭിക്കുന്ന വിഷയങ്ങളുടെ ഗ്രേഡ് പോയിൻറുകൾ പ്രത്യേകം കൂട്ടുന്നു.ഇതാണ് **GSW (total Grade value of Subjects for which Weightage is given-** വെയിറ്റേജ് ലഭിക്കുന്ന വിഷയങ്ങളുടെ ആകെ ഗ്രേഡ് പോയിൻറ്)
- ഖണ്ഡിക 11 ൽ കൊടുത്തിരിക്കുന്ന ബോണസ് പോയിൻറുകൾ (അർഹതയുണ്ടെങ്കിൽ മാത്രം) കണക്കാക്കുന്നു **(BP)**.
- ഖണ്ഡിക 12 പ്രകാരം കുറയ്ക്കേണ്ട മൈനസ് പോയിൻറുകളുണ്ടെങ്കിൽ അതും കണ്ടെത്തുന്നു. **(MP).**
- ഇനി താഴെക്കാണിച്ചിരിക്കുന്ന സൂത്രവാക്യമുപയോഗിച്ച് **WGPA** ഏഴ് ദശാംശസ്ഥാനത്തിന് കൃത്യമായി കണ്ടെത്തുന്നു.
- **WGPA = AVP+ BVP ; AVP ---** അക്കാദമിക് വാല്യൂ പാർട്ട് **BVP---** ബോണസ് വാല്യൂ പാർട്ട്
- $AVP = \frac{TGP + GSW}{TS + TSW}$ ; $BVP = \frac{BP - MP}{10}$

**WGPA** സൂത്രവാക്യത്തിൽ ആദ്യഭാഗം( **AVP)** അക്കാദമിക മികവിൻേറയും രണ്ടാം ഭാഗം( **BVP)** ബോണസ് പോയിൻറിൻേറയും ആണ്.

**WGPA: Weighted Grade Point Average**

**TGP: Total Grade Point**

**GSW: total Grade value of Subjects for which Weightage is given**

**BP: Bonus Point**

**MP: Minus Point**

**TS: Total number of Subjects** (ആകെ വിഷയങ്ങളുടെ എണ്ണം)

**TSW: Total number of Subjects for which Weightage is given** (വെയിറ്റേജ് ലഭിക്കുന്ന വിഷയങ്ങളുടെ എണ്ണം)

**WGPA** കണക്കാക്കുന്നതിന് മാതൃക താഴെകൊടുത്തിരിക്കുന്നു

- വിദ്യാർത്ഥിയ്ക്ക് ലഭിച്ച ഗ്രേഡുകൾ

| Sub | Mal I | Mal II | Eng | Hind | Phy | Che | Bio | SS | Maths | IT |
|---|---|---|---|---|---|---|---|---|---|---|
| Grade | A | A | A | A+ | A+ | A | B+ | A+ | A+ | A |
| Grade Point | 8 | 8 | 8 | 9 | 9 | 8 | 7 | 9 | 9 | 8 |

- വിദ്യാർത്ഥിയുടെ ഓപ്ഷൻ:എസ്.എസ്.എൽ.സി യ്ക്ക് പഠിച്ച സ്കൂളിൽതന്നെ ഫിസിക്സ്,കെമിസ്ട്രി,ബയോളജി,മാത്തമാറ്റിക്സ് കോമ്പിനേഷൻ(കോഡ്:01)

- അതിനാൽ **TGP = 83, GSW = 33 , BP = 2, MP = 0, TS =10, TSW = 4.**

$$WGPA = \frac{83+33}{10+4} + \frac{5-0}{10} = 8.7857143$$

17. **<u>WGPA തുല്യമായാൽ ചെയ്യേണ്ടത്</u>**

**WGPA** യുടെ ഏഴ് ദശാംശസ്ഥാനത്തിന് കൃത്യമായി കണക്കിലെടുത്തതിനു ശേഷവും ഒന്നിലേറെ അപേക്ഷകർക്ക് തുല്യ പോയിൻറ് ലഭിച്ചാൽ താഴെപ്പറയുന്ന മുൻഗണനപ്രകാരം ടൈ ബ്രേക്ക് ചെയ്ത് അർഹത നിശ്ചയിക്കുന്നതാണ്.

1. **ഗ്രേസ് മാർക്ക് ലഭിക്കാത്ത അപേക്ഷകർ, WGPA സൂത്രവാക്യത്തിൽ ആദ്യഭാഗം( AVP --- അക്കാദമിക് വാല്യൂ പാർട്ട് ) കൂടുതൽ ഉള്ളത് എന്നിങ്ങനെ ക്രമത്തിൽ റാങ്കിൽ ഉൾപ്പെടുത്തുന്നതാണ്**
2. വെയിറ്റേജിന് കണക്കിലെടുത്ത വിഷയങ്ങളുടെ ഉയർന്ന **TGP**
3. ഇംഗ്ലീഷിൻെറ ഉയർന്ന ഗ്രേഡ് പോയിൻറ്
4. ഒന്നാം ഭാഷയുടെ ഉയർന്ന ഗ്രേഡ് പോയിൻറ്
5. ടൈ വരുന്ന കോമ്പിനേഷന് അപേക്ഷകർ രേഖപ്പെടുത്തിയ മുൻഗണന

**6.** അപേക്ഷകന്റെ പ്രാദേശിക പശ്ചാത്തലം(അതേ സ്കൂൾ.അതേ ഗ്രാമ പഞ്ചായത്ത്,ഗവ:/എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളില്ലാത്ത ഗ്രാമപഞ്ചായത്ത്,അതേ താലൂക്ക്,അതേ ജില്ല എന്നിങ്ങനെയായിരിക്കും മുൻ ഗണനാക്രമം)

- ഇനിയും തുല്യനിലയിൽ തുടർന്നാൽ NTSE,NMMSSE,USS,LSS പരീക്ഷകളിലെ മികവ് ,കലാകായിക മത്സരങ്ങൾ,സംസ്ഥാനതല പ്രവർത്തിപരിചയമേള എന്നിവയിലെ മികവ് താഴെ സൂചിപ്പിച്ചിരിക്കുന്ന മുൻ ഗണനാക്രമത്തിൽ പരിഗണിക്കും. ഇവയിൽ NTSE,NMMSSE,USS,LSS ഒഴികെ മറ്റിനങ്ങൾക്ക് 10-ൽ പഠിക്കുമ്പോൾ പങ്കെടുത്തിട്ടുള്ള ഇനങ്ങളിലെ മികവ് മാത്രമായിരിക്കും പരിഗണിക്കുക. കോവിഡ് 19 ന്റെ സാഹചര്യത്തിൽ 2020-21 ,2021-22 അധ്യയന വർഷങ്ങളിൽ കലാ-കായിക മേളകൾ സംഘടിപ്പിക്കാത്തതിനാൽ പ്രസ്തുത വർഷങ്ങളിലെ വിദ്യാർത്ഥികൾക്ക് ആർക്കും തന്നെ അവ അപേക്ഷയിൽ ഉൾപ്പെടുത്തുവാൻ കഴിയുകയില്ല.
- **NTSE** ദേശീയ/സംസ്ഥാനതല പരീക്ഷയിൽ യോഗ്യത നേടിയവർ
- **NMMSS** പരീക്ഷയിൽ യോഗ്യത നേടിയവർ
- **USS** പരീക്ഷയിൽ യോഗ്യത നേടിയവർ
- **LSS** പരീക്ഷയിൽ യോഗ്യത നേടിയവർ
- സംസ്ഥാനതല യുവജനോത്സവത്തിൽ പങ്കെടുത്തവർ (ഗ്രേസ് മാർക്കിന് അർഹതയില്ലാത്തവർ)
- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി.മേള, സംസ്ഥാനതല പ്രവർത്തി പരിചയമേളകൾ എന്നിവയിൽ എ ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻ ഗണനയായിരിക്കും.ആകെ ലഭിച്ചിട്ടുള്ള എ ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പോയിന്റുകൾ ലഭിക്കും).
- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി.മേള, സംസ്ഥാനതല പ്രവർത്തി പരിചയമേളകൾ എന്നിവയിൽ ബി ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻ ഗണനയായിരിക്കും.ആകെ ലഭിച്ചിട്ടുള്ള ബി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പോയിന്റുകൾ ലഭിക്കും).
- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി.മേള, സംസ്ഥാനതല പ്രവർത്തി പരിചയമേളകൾ എന്നിവയിൽ സി ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻ ഗണനയായിരിക്കും.ആകെ ലഭിച്ചിട്ടുള്ള സി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പോയിന്റുകൾ ലഭിക്കും).
- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി.മേള, സംസ്ഥാനതല പ്രവർത്തി പരിചയമേളകൾ എന്നിവയിൽ ഡി ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻ ഗണനയായിരിക്കും.ആകെ ലഭിച്ചിട്ടുള്ള ഡി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പോയിന്റുകൾ ലഭിക്കും).

- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി.മേള, സംസ്ഥാനതല പ്രവർത്തി പരിചയമേളകൾ എന്നിവയിൽ ഇ ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻ ഗണനയായിരിക്കും.ആകെ ലഭിച്ചിട്ടുള്ള ഇ ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പോയിൻറുകൾ ലഭിക്കും).
- സംസ്ഥാനതല കായികമത്സരത്തിൽ പങ്കെടുത്തവർ(ഗ്രേസ് മാർക്കിന് അർഹതയില്ലാത്തവർ
- ജില്ലാതല യുവജനോത്സവത്തിൽ എ ഗ്രേഡ്(സംസ്ഥാന തലത്തിൽ പങ്കെടുക്കാത്തവർ, ആകെ ലഭിച്ചിട്ടുള്ള എ ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല കായികമത്സരത്തിൽ ഒന്നാം സ്ഥാനം(സംസ്ഥാന തലത്തിൽ പങ്കെടുക്കാത്തവർ,ആകെ ലഭിച്ചിട്ടുള്ള ഒന്നാം സ്ഥാനങ്ങൾക്കാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല യുവജനോത്സവത്തിൽ ബി ഗ്രേഡ്(സംസ്ഥാന തലത്തിൽ പങ്കെടുക്കാത്തവർ, ആകെ ലഭിച്ചിട്ടുള്ള ബി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല കായികമത്സരത്തിൽ രണ്ടാം സ്ഥാനം(സംസ്ഥാന തലത്തിൽ പങ്കെടുക്കാത്തവർ,ആകെ ലഭിച്ചിട്ടുള്ള രണ്ടാം സ്ഥാനങ്ങൾക്കാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല യുവജനോത്സവത്തിൽ സി ഗ്രേഡ്(സംസ്ഥാന തലത്തിൽ പങ്കെടുക്കാത്തവർ, ആകെ ലഭിച്ചിട്ടുള്ള സി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല കായികമത്സരത്തിൽ മൂന്നാം സ്ഥാനം(സംസ്ഥാന തലത്തിൽ പങ്കെടുക്കാത്തവർ,ആകെ ലഭിച്ചിട്ടുള്ള മൂന്നാം സ്ഥാനങ്ങൾക്കാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല യുവജനോത്സവത്തിൽ പങ്കെടുത്തവർ
- ജില്ലാതല കായികമത്സരത്തിൽ പങ്കെടുത്തവർ
- സ്കൗട്ട് & ഗൈഡ്സിലെ പങ്കാളിത്തം(രാഷ്ട്രപതി പുരസ്കാർ/രാജ്യപുരസ്കാർ ലഭിക്കാത്തവർ)

വീണ്ടും തുല്യനില തുടർന്നാൽ താഴെ സൂചിപ്പിക്കുന്ന അക്കാദമികേതര പ്രവർത്തനങ്ങളിലെ മികവ് കൂടി മുൻഗണനാക്രമത്തിൽ പരിഗണിച്ച് പ്രവേശന യോഗ്യത നിശ്ചയിക്കുന്നതാണ്.

- റെഡ്ക്രോസ് പ്രവർത്തനങ്ങൾ.

നേച്ചർ ക്ലബ് /ഫോറസ്ട്രി ക്ലബ് /സയൻസ് ക്ലബ് /സോഷ്യൽ സയൻസ് ക്ലബ് /ഡിബേറ്റിങ്ങ് ക്ലബ് /ഒറേറ്ററി ക്ലബ്/ ഫിലാറ്റലി ക്ലബ്/ മാത്തമാറ്റിക്സ് ക്ലബ്/ ഐ.ടി.ക്ലബ്/ ഹെൽത്ത് ക്ലബ് മുതലായവയിലെ പ്രവർത്തനങ്ങൾ(ക്ലബ്ബുകൾക്ക് ഒരേ മുൻ ഗണനയായിരിക്കും)**ഒരു വിദ്യാർത്ഥിയ്ക്ക് പരമാവധി രണ്ട് ക്ലബ്ബുകൾ ഉൾക്കൊള്ളിക്കാവുന്നതാണ് എന്ന നിബന്ധന ഉണ്ടായിരിക്കുന്നതാണ്.** (സ്കൂൾ തലത്തിലെ പ്രവർത്തനങ്ങൾക്ക് സ്കൂളിലെ പ്രധാനാദ്ധ്യാപകൻ നൽകുന്ന **സർട്ടിഫിക്കറ്റ് ഹാജരാക്കണം.. മാതൃക അനുബന്ധം 4 ആയി നൽകിയിട്ടുണ്ട്.**)

- കേരള സംസ്ഥാന പൊതു പരീക്ഷ പാസ്സായവർ

**വീണ്ടും തുല്യനില തുടർന്നാൽ**

- ജനനതീയതി ( വയസ് കൂടിയ വിദ്യാർത്ഥി ആദ്യം എന്ന ക്രമത്തിൽ)
- അപേക്ഷകൻെറ പേര് ഇംഗ്ലീഷ് അക്ഷരമാലാ ക്രമത്തിൽ (A to Z)

**18 <u>സബ്ജകറ്റ് കോമ്പിനേഷനുകളും കോഡുകളും.</u>**

സയൻസ്,ഹ്യുമാനിറ്റീസ്,കോമേഴ്സ് എന്നിങ്ങനെ മൂന്ന് ഗ്രൂപ്പുകളിലായി ഹയർ സെക്കണ്ടരി പഠനത്തിന് ആകെ 45 സബ്ജക്റ്റ് കോമ്പിനേഷനുകൾ ലഭ്യമാണ്.ഗ്രൂപ്പ് തിരിച്ചുള്ള സബ്ജക്റ്റ് കോമ്പിനേഷനുകളും അവയുടെ കോഡുകളും ഓരോ കോമ്പിനേഷൻ തെരഞ്ഞെടുക്കുമ്പോഴും വെയിറ്റേജ് ലഭിക്കുന്ന എസ്.എസ്.എൽ.സി വിഷയങ്ങളും താഴെക്കൊടുത്തിരിക്കുന്നു..

സയൻസ് ഗ്രൂപ്പ്

| കോഡ് | സബ്ജക്റ്റ് കോമ്പിനേഷൻ | വെയിറ്റേജ് ലഭിക്കുന്ന എസ്.എസ്.എൽ.സി വിഷയങ്ങൾ |
|---|---|---|
| **01** | Physics, Chemistry, Biology, Mathematics | Physics, Chemistry, Biology, Mathematics |
| **02** | Physics, Chemistry, Biology, Home Science | |
| **03** | Physics, Chemistry, Home Science, Mathematics | |
| **04** | Physics, Chemistry, Geology, Mathematics | Physics, Chemistry, Mathematics |
| **05** | Physics, Chemistry, Mathematics, Computer | |
| **06** | Physics, Chemistry, Mathematics, Electronics | |
| **07** | Physics, Chemistry, Computer Science, Geology | |
| **08** | Physics, Chemistry, Mathematics, Statistics | |
| **09** | Physics, Chemistry, Biology, Psychology | Physics, Chemistry, Biology, Mathematics |

ഹ്യുമാനിറ്റീസ് ഗ്രൂപ്പ്

| കോഡ് | സബ്ജക്റ്റ് കോമ്പിനേഷൻ | വെയിറ്റേജ് ലഭിക്കുന്ന എസ്.എസ്.എൽ.സി വിഷയങ്ങൾ |
|---|---|---|

| | | |
|---|---|---|
| **10** | History, Economics, Political Science, Geography | |
| **11** | History, Economics, Political Science, Sociology | Social Science |
| **12** | History, Economics, Political Science, Geology | |
| **13** | History, Economics, Political Science, Music | |
| **14** | History, Economics, Political Science, Gandhian Studies | |
| **15** | History, Economics, Political Science, Philosophy | |
| **16** | History, Economics, Political Science, Social Work | |
| **17** | Islamic History, Economics, Political Science, Geography | |
| **18** | Islamic History, Economics, Political Science, Sociology | |
| **19** | Sociology, Social Work, Psychology, Gandhian Studies | |
| **20** | History, Economics, Political Science, Psychology | |
| **21** | History, Economics, Political Science, Anthropology | |
| **22** | History, Economics, Geography, Malayalam | |
| **23** | History, Economics, Geography, Hindi | |
| **24** | History, Economics, Geography, Arabic | |
| **25** | History, Economics, Geography, Urdu | |
| **26** | History, Economics, Geography, Kannada | |
| **27** | History, Economics, Geography, Tamil | Social Science |

| | | |
|---|---|---|
| **28** | History, Economics, Sanskrit Sahitya, Sanskrit Sastra | |
| **29** | History, Philosophy, Sanskrit Sahitya, Sanskrit Sastra | |
| **30** | History, Economics, Political Science, Statistics | Social Science, Mathematics |
| **31** | Sociology, Social work, Psychology, Statistics | |
| **32** | Economics, Statistics, Anthropology, Social work | |
| **33** | Economics, Gandhian Studies, Communicative English, Computer Application | Social Science, English |
| **34** | Sociology, Journalism, Communicative English, Computer Application | |
| **35** | Journalism, English Literature, Communicative English, Psychology | |
| **41** | History, Economics, Sociology, Malayalam | Social Science |
| **42** | History, Economics, Political Science, Malayalam | |
| **43** | History, Economics, Gandhian Studies, Malayalam | |
| **44** | Social Work, Journalism, Communicative English, Computer Applicaion | SocialScience, English |
| **45** | History, Economics, Sociology, Hindi | Social Science |
| **46** | History, Economics, Sociology, Arabic | |

കോമേഴ്സ് ഗ്രൂപ്പ്

| കോഡ് | സബ്ജക്റ്റ് കോമ്പിനേഷൻ | വെയിറ്റേജ് ലഭിക്കുന്ന എസ്.എസ്.എൽ.സി വിഷയങ്ങൾ |
|---|---|---|

| | | |
|---|---|---|
| **36** | BusinessStudies,Accountancy,Economics, Mathematics | Social Science, Mathematics |
| **37** | Business Studies, Accountancy, Economics, Statistics | |
| **38** | Business Studies, Accountancy, Economics, Political Science | |
| **39** | Business Studies, Accountancy, Economics, ComputerApplications | |

**19 ഫീസ് ഘടന**

| ഇനങ്ങൾ | സയൻസ് ഗ്രൂപ്പ് | ഹ്യുമാനിറ്റീസ്/കോമേഴ്സ് ഗ്രൂപ്പുകൾ |
|---|---|---|
| 1.അഡ്മിഷൻ ഫീസ് | **50** രൂപ | **50** രൂപ |
| 2.ലൈബ്രറി ഫീസ് | **25** രൂപ | **25** രൂപ |
| 3.കലണ്ടർ ഫീസ് | **25** രൂപ | **25** രൂപ |
| 4.വൈദ്യ പരിശോധനാ ഫീസ് | **25** രൂപ | **25** രൂപ |
| 5.ഓഡിയോ വിഷ്വൽ യൂണിറ്റ് ഫീസ് | **30** രൂപ | **30** രൂപ |
| 6.സ്പോർട്സ് & ഗെയിംസ് ഫീസ് | **75** രൂപ | **75**രൂപ |
| 7.സ്റ്റേഷനറി ഫീസ് | **25** രൂപ | **25** രൂപ |
| 8.അസോസിയേഷൻ ഫീസ് | **25** രൂപ | **25** രൂപ |
| 9.യൂത്ത് ഫെസ്റ്റിവൽ ഫീസ് | **50** രൂപ | **50** രൂപ |
| 10.മാഗസിൻ ഫീസ് | **25** രൂപ | **25** രൂപ |
| 11.കോഷൻ ഡിപ്പോസിറ്റ് | **150** രൂപ | **100** രൂപ |
| 12.ലാബറട്ടറി ഫീസ് | ലാബറട്ടറി സൗകര്യം ആവശ്യമുള്ള വിഷയങ്ങൾക്ക് 50 രൂപ വീതം | |
| 13.കമ്പ്യൂട്ടർ സയൻസ്/ കമ്പ്യൂട്ടർ അപ്ലിക്കേഷൻ | കമ്പ്യൂട്ടർ സൗകര്യം ആവശ്യമുള്ള വിഷയങ്ങൾക്ക് 50 രൂപ വീതം | |

**മെറിറ്റ് ക്വാട്ട ,മാനേജ്മെൻറ് ,കമ്മ്യൂണിറ്റി ,അൺ-എയ്ഡഡ് മുതലായ വിവിധ ക്വാട്ടകളിൽ അപേക്ഷകൾ സമർപ്പിക്കുന്നവരിൽ നിന്ന് അപേക്ഷാ രജിസ്ട്രേഷൻ ഫീസിനത്തിൽ ഇരുപത്തി അഞ്ച് (25/-) രൂപ ഈടാക്കി സർക്കാർ പൊതു ഖജനാവിൽ ഒടുക്കേണ്ടതാണ്**

**.കുറിപ്പ് : പ്രവേശന നടപടികൾ ആരംഭിക്കുന്ന അവസരത്തിൽ ഫീസ് ഘടനയിൽ വ്യത്യാസം ഉണ്ടാവുകയാണെങ്കിൽ പ്രസ്തുത ഫീസായിരിക്കും പ്രാബല്യത്തിൽ വരുത്തുക.**

*SC/ST/OEC* എന്നീ വിഭാഗങ്ങളിൽപ്പെട്ടവർ അപേക്ഷാ രജിസ്ട്രേഷൻ ഫീസ് , കോഷൻ ഡെപ്പോസിറ്റ് എന്നിവ ഒഴികെ മേൽ വിവരിച്ച ഫീസുകൾ ഒന്നും അടയ്ക്കേണ്ടതില്ല.

നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം(**G.O(Ms)No.126/2007/G.Edn dated 25-06-2007 എന്ന സർക്കാർ ഉത്തരവിലെ മാർഗ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള**) സംസ്ഥാനത്തെ സർക്കാർ/എയിഡഡ് സ്കൂളുകളിലെ പി.ടി.എ അംഗത്വം എല്ലാ രക്ഷിതാക്കൾക്കും വർഷം തോറും നിർബന്ധമാണ്. അംഗത്വ ഫീസ് ഹയർ സെക്കണ്ടറി വിഭാഗത്തിന് പ്രതിശീർഷം 100 രൂപയാണ്.പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ, സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവർ എന്നീ വിഭാഗത്തിൽപെട്ട വിദ്യാർഥികളുടെ രക്ഷിതാക്കൾക്ക് അംഗത്വ ഫീസ് നിർബന്ധമില്ല. മേൽപറഞ്ഞിട്ടുള്ള അംഗത്വ ഫീസും സർക്കാർ നിയമപ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫീസും അല്ലാതെ മറ്റൊരു ഫീസും ഒടുക്കുവാൻ രക്ഷിതാക്കൾ ബാദ്ധ്യസ്ഥരല്ലെന്നും അവരെ അതിന് നിർബന്ധിക്കാൻ പാടില്ലെന്നും പ്രസ്തുത മാർഗ നിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

മുൻ വർഷത്തെ മൂന്നാം ടേമിലെ പി.ടി.എ ജനറൽ ബോഡിയോഗം തീരുമാനിക്കുകയാണെങ്കിൽ സ്കൂളിലെ നടപ്പ് അക്കാദമിക വർഷത്തെ പ്രത്യേകം നിർവചിക്കപ്പെട്ടിട്ടുള്ള അക്കാദമിക് ആവശ്യങ്ങൾക്കായി ഹയർ സെക്കണ്ടറി സ്കൂളുകളിൽ പരമാവധി 400 രൂപ വിദ്യാർഥി/രക്ഷിതാവിൽ നിന്നും ഫണ്ട് ശേഖരിക്കാവുന്നതാണ്.ഒരു രക്ഷിതാവിനേയും ടി തുക കൊടുക്കാൻ നിർബന്ധിക്കുകയോ പ്രസ്തുത തുക കൊടുക്കാത്ത രക്ഷിതാവിൻെറ മകൾക്ക്/മകന് സ്കൂൾ പ്രവേശനം നിഷേധിക്കുകയോ ചെയ്യാൻ പാടില്ല.ഇക്കാര്യം ഉറപ്പാക്കേണ്ട ചുമതല പ്രിൻസിപ്പലിനാണ്.

400 രൂപ നിരക്കിൽ പി.റ്റി.എ ഫണ്ട് കൊടുക്കുവാൻ ഏതെങ്കിലും രക്ഷിതാവിനെ നിർബന്ധിച്ചതായോ ടി തുക നൽകിയില്ലെങ്കിൽ സ്കൂൾ പ്രവേശനം നിഷേധിക്കുമെന്ന് ഭീഷണിപ്പെടുത്തിയതായോ പരാതി ഉണ്ടാകാതിരിക്കാൻ പ്രിൻസിപ്പൽമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**അലോട്ട്മെൻറ് ലറ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസല്ലാതെ മറ്റൊരു ഫീസും സ്കൂളിൽ നൽകേണ്ടതില്ല. സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രസ്തുത ഫീസുകളേക്കാൾ ഉയർന്ന നിരക്കിൽ ഫീസ് ഈടാക്കുകയോ,സ്കൂൾ ഡെവലപ്പ്മെൻറ് ഫണ്ട്,മറ്റിനങ്ങൾ എന്നിങ്ങനെ അനധികൃതമായി പിരിവ് നടത്തുന്നതായോ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം സ്കൂൾ അധികാരികൾക്കെതിരെ കർശനമായ അച്ചടക്ക നടപടി കൈക്കൊള്ളുന്നതായിരിക്കും.**

സ്കൂൾ ഫീസ്, പി.റ്റി.എ.ഫണ്ട് തുടങ്ങിയവ അടച്ചുകഴിഞ്ഞാൽ സ്കൂളധികൃതരിൽ നിന്നും ഇവയ്ക്കുള്ള രസീതുകൾ ചോദിച്ച് വാങ്ങേണ്ടതാണ്.പി.റ്റി.എ.ഫണ്ട് നൽകിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങളും തുകയും സ്കൂൾ നോട്ടീസ് ബോർഡിൽ പ്രിൻസിപ്പൽ പ്രദർശിപ്പിക്കേണ്ടതാണ്. സ്കൂൾ ഫീസ് ഓൺലൈനായും അടയ്ക്കാവുന്നതാണ്.

20. പ്രവേശന ഷെഡ്യൂൾ മെരിറ്റ്ക്വാട്ട (ഏകജാലക പ്രവേശനം)

1.മുഖ്യഘട്ടം

| | | |
|---|---|---|
| ഓൺലൈൻ അപേക്ഷാസമർപ്പണം തുടങ്ങുന്ന തീയതി | : | **14/05/2025** |
| ഓൺലൈൻ അപേക്ഷാസമർപ്പണം അവസ്സാന തീയതി | : | **20/05/2025** |
| ട്രയൽ അലോട്ട്മെൻറ് തീയതി | : | **24/05/2025** |
| ആദ്യ അലോട്ട്മെൻറ് തീയതി | : | **02/06/2025** |
| മുഖ്യ അലോട്ട്മെൻറ് അവസ്സാനിക്കുന്ന തീയതി | : | **17/06/2025** |
| ക്ലാസുകൾ തുടങ്ങുന്ന തീയതി | : | **18/06/2025** |

**2.**സപ്ലിമെൻററി ഘട്ടം

28/06/2025 മുതൽ 23/07/2025 വരെ

അഡ്മിഷൻ അവസ്സാനിപ്പിക്കാനുള്ള തീയതി. : **23/07/2025**

21. പ്രവേശന ഷെഡ്യൂൾ സ്പോർട്ട്സ് ക്വാട്ട അഡ്മിഷൻ

1.മുഖ്യഘട്ടം

സ്പോർട്സ് മികവ് രജിസ്ട്രേഷനും വെരിഫിക്കേഷനും 23/05/2025 മുതൽ 28/05/2025 വരെ

| | | |
|---|---|---|
| ഓൺ ലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | : | **24/05/2025** |
| അപേക്ഷ സമർപ്പിക്കേണ്ട അവസ്സാന തീയതി | : | **29/05/2025** |
| സ്പോർട്ട്സ് ക്വാട്ടമുഖ്യഘട്ട ഒന്നാം അലോട്ട്മെൻറ് തീയതി | : | **03/06/2025** |

സ്പോർട്ട്സ് ക്വാട്ടമുഖ്യഘട്ടഅവസ്സാനഅലോട്ട്മെൻറ്തീയതി : **16/06/2025**

**2.സപ്ലിമെൻററി ഘട്ടം**

സ്പോർട്സ് മികവ് രജിസ്ട്രേഷനും വെരിഫിക്കേഷനും :**18/06/2025 മുതൽ 20/06/2025**

ഓൺ ലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി : **19/06/2025**

അപേക്ഷ സമർപ്പിക്കേണ്ട അവസ്സാന തീയതി : **21/06/2025**

സ്പോർട്ട്സ് ക്വാട്ടസപ്ലിമെൻററിഅലോട്ട്മെൻറ് തീയതി : **25/06/2025**

സ്പോർട്ട്സ് ക്വാട്ടഅവസ്സാനപ്രവേശന തീയതി : **26/06/2025**

**(26/06/2025 ന് സ്പോർട്സ് ക്വാട്ട പ്രവേശനം പൂർത്തീകരിച്ച ശേഷം ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ പൊതുമെരിറ്റ് സീറ്റായി പരിവർത്തനം ചെയ്ത് ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറിനായുള്ള ഒഴിവിനോടൊപ്പം പ്രസിദ്ധീകരിക്കുന്നതാണ്.)**

**22. പ്രവേശന ഷെഡ്യൂൾ കമ്യൂണിറ്റി ക്വാട്ട അഡ്മിഷൻ**

**1.മുഖ്യഘട്ടം**

കമ്മ്യൂണിറ്റിക്വാട്ട അപേക്ഷകൾ വിതരണം ആരംഭിക്കുന്ന തീയതി : **29/05/2025**

കമ്മ്യൂണിറ്റി ഡാറ്റ എൻട്രി ആരംഭിക്കുന്ന തീയതി : **29/05/2025**
കമ്മ്യൂണിറ്റി ഡാറ്റ എൻട്രി പൂർത്തീകരിക്കേണ്ടതീയതി : **05/06/2025**
റാങ്ക് ലിസ്റ്റ്/സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി : **09/06/2025**
അഡ്മിഷൻ ആരംഭിക്കുന്ന തീയതി : **10/06/2025**

**2.സപ്ലിമെൻററി ഘട്ടം**

കമ്മ്യൂണിറ്റിക്വാട്ട അപേക്ഷകൾ വിതരണം ആരംഭിക്കുന്ന തീയതി : **18/06/2025**

കമ്മ്യൂണിറ്റി ഡാറ്റ എൻട്രി ആരംഭിക്കുന്ന തീയതി : **18/06/2025**
കമ്മ്യൂണിറ്റി ഡാറ്റ എൻട്രി പൂർത്തീകരിക്കേണ്ടതീയതി : **20/06/2025**
റാങ്ക് ലിസ്റ്റ്/സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി : **23/06/2025**
അഡ്മിഷൻ ആരംഭിക്കുന്ന തീയതി : **23/06/2025** മുതൽ
പ്രവേശനം അവസാനിപ്പിക്കേണ്ട തീയതി : **27/06/2025**

**(27/06/2025 ന് കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം പൂർത്തീകരിച്ച ശേഷം ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ പൊതുമെരിറ്റ് സീറ്റായി പരിവർത്തനം ചെയ്ത് ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറിനായുള്ള ഒഴിവിനോടൊപ്പം പ്രസിദ്ധീകരിക്കുന്നതാണ്.)**

**23. പ്രവേശന ഷെഡ്യൂൾ മാനേജ്മെൻറ് ക്വാട്ട അഡ്മിഷൻ**

**1.മുഖ്യഘട്ടം**

| | | |
|---|---|---|
| പ്രവേശനം ആരംഭിക്കുന്ന തീയതി | : | **10/06/2025** |
| പ്രവേശനം അവസാനിപ്പിക്കുന്ന തീയതി | : | **17/06/2025** |

പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ ഓൺലൈൻ രജിസ്ട്രേഷൻ : **10/06/2025 മുതൽ 17/06/2025 വരെ**

**2.സപ്ലിമെൻററി ഘട്ടം**

| | | |
|---|---|---|
| പ്രവേശനം ആരംഭിക്കുന്ന തീയതി | : | **18/06/2025** |
| പ്രവേശനം അവസാനിപ്പിക്കുന്ന തീയതി | : | **27/06/2025** |

പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ ഓൺലൈൻ രജിസ്ട്രേഷൻ : **18/06/2025 മുതൽ 27/06/2025 വരെ**
**(27/06/2025 ന് മാനേജ്മെൻറ് ക്വാട്ട പ്രവേശനം പൂർത്തീകരിച്ച ശേഷം ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ പൊതുമെരിറ്റ് സീറ്റായി പരിവർത്തനം ചെയ്ത് ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറിനായുള്ള ഒഴിവിനോടൊപ്പം പ്രസിദ്ധീകരിക്കുന്നതാണ്.)**

**24. പ്രവേശന ഷെഡ്യൂൾ അൺ-എയ്ഡഡ് ക്വാട്ട അഡ്മിഷൻ**

| | | |
|---|---|---|
| പ്രവേശനം ആരംഭിക്കുന്ന തീയതി | : | **10/06/2025** |
| പ്രവേശനം അവസാനിപ്പിക്കുന്ന തീയതി | : | **17/06/2025** |

പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ ഓൺലൈൻ രജിസ്ട്രേഷൻ : **10/06/2025 മുതൽ 17/06/2025 വരെ**

**2.സപ്ലിമെൻററി ഘട്ടം**

| | | |
|---|---|---|
| പ്രവേശനം ആരംഭിക്കുന്ന തീയതി | : | **18/06/2025** |
| പ്രവേശനം അവസാനിപ്പിക്കുന്ന തീയതി | : | **16/07/2025** |

പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ ഓൺലൈൻ രജിസ്ട്രേഷൻ : **18/06/2025 മുതൽ 16/07/2025 വരെ**

**25. മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പ്രവേശന ഷെഡ്യൂൾ**

**1.മുഖ്യഘട്ടം**

| | | |
|---|---|---|
| ഓൺലൈൻ അപേക്ഷാസമർപ്പണം തുടങ്ങുന്ന തീയതി | : | **16/05/2025** |
| ഓൺലൈൻ അപേക്ഷാസമർപ്പണം അവസ്സാന തീയതി | : | **20/05/2025** |
| ട്രയൽ അലോട്ട്മെൻറ് തീയതി | : | **24/05/2025** |
| ആദ്യ അലോട്ട്മെൻറ് തീയതി | : | **03/06/2025** |
| മുഖ്യ അലോട്ട്മെൻറ് അവസ്സാനിക്കുന്ന തീയതി | : | **17/06/2025** |
| ക്ലാസുകൾ തുടങ്ങുന്ന തീയതി | : | **18/06/2025** |

**2.സപ്ലിമെൻററി ഘട്ടം**

**28/06/2025 മുതൽ 23/07/2025 വരെ**

അഡ്മിഷൻ അവസ്സാനിപ്പിക്കാനുള്ള തീയതി. : **23/07/2025**

**26. <u>അനുബന്ധങ്ങൾ</u>**

1. ഭാഷാന്യൂനപക്ഷ ആനുകൂല്യം ലഭിക്കുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ
2. സംവരണാനുകൂല്യമുള്ള സമുദായങ്ങളുടെ പട്ടിക
3. സ.ഉ(എം.എസ്)നമ്പർ 10/2014/പിസവിവ് തീയതി 23/5/2014 സർക്കാർ ഉത്തരവ് പ്രകാരം ,വാർഷിക വരുമാന പരിധി ആറ് ലക്ഷം രൂപ കവിയരുതെന്ന നിബന്ധനക്ക് വിധേയമായി, ഒ.ഇ.സി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ച ഒ.ബി.എച്ച് –ൽ ഉൾപ്പെട്ട ഇതരസമുദായങ്ങളുടെ ലിസ്റ്റ്
4. പ്രഥമാദ്ധ്യാപകർ നൽകേണ്ട സ്കൂൾതല ക്ലബ് സർട്ടിഫിക്കറ്റുകളുടെ മാതൃക
5. ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട വിധം.

6. സംസ്ഥാനം,ജില്ല,താലൂക്ക്,തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുതലായവയുടെ കോഡുകൾ

7. സ്കൂൾ കോഡ്,സ്കൂളിന്റെ പേര്,സ്കൂളിന് അനുവദിച്ചിട്ടുള്ള സബ്ജക്റ്റ് കോമ്പിനേഷനുകൾ,രണ്ടാം ഭാഷകൾ എന്നിവ

8. അപേക്ഷാഫാറം

9. ജി,ഒ(ആർ.റ്റി) നം. 3977/2022/പൊ.വി.വ തീയതി തിരുവനന്തപുരം 07/07/2022 സർക്കാർ ഉത്തരവ്.

10. (EWS) അതായത് മുന്നോക്കക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായുള്ള 10% സംവരണം നൽകി കൊണ്ടുള്ള സർക്കാർ ഉത്തരവ്.

11. EWS റിസർവേഷന് ആവശ്യമുള്ള Annexure 1 ,Annexure 2 സർട്ടിഫിക്കറ്റുകളുടെ മാതൃക.

പൊതു വിദ്യാഭ്യാസ ഡയറക്ടർ